പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

**ആഭ്യന്തര കാര്യങ്ങൾ**
(HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**
**(2017 മാർച്ച് 31 വരെയുള്ളത്)**

## (PERIODICAL REPORT AS ON 31st MARCH, 2017)

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ട പ്രകാരമുള്ളത്**

**(Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)**

**2017 ആഗസ്റ്റ്...17...-ാം തീയതി സമർപ്പിച്ചത്**
**(Presented on....17.........August 2017)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തര കാര്യങ്ങൾ

## (HOME AFFAIRS)

## ആനുകാലിക റിപ്പോർട്ട്

## (2017 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2017)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ട പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

977/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 21 |

# സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തരകാര്യങ്ങൾ)

## (2016-2018)

### ഘടന

ചെയർമാൻ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. എം. മാണി

ഡോ. എം. കെ. മുനീർ*

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ് കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

---

* 2017 ജൂൺ 12-ലെ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം സബ്ജക്ട് കമ്മിറ്റി XIV-ലെ അംഗമായി നാമനിർദ്ദേശം ചെയ്തു.

# അവതാരിക

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം പുന:സംഘടിപ്പിക്കപ്പെട്ട ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (2016-2018)-ൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അദ്ധ്യക്ഷനും, ബഹു. പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. ജെയിംസ് മാത്യു, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. കെ. എം. മാണി, ശ്രീ. സി. കെ. നാണു, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. എ. പ്രദീപ് കുമാർ, ശ്രീ. രാജു എബ്രഹാം, ശ്രീ. ആർ. രാമചന്ദ്രൻ എന്നിവർ അംഗങ്ങളുമാണ്.

പതിനാലാം കേരള നിയമസഭയുടെ 2016-2018 കാലയളവിലുള്ള സമിതി 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെ സമിതി 10 യോഗങ്ങളും കൂടാതെ ധനകാര്യ ബിൽ പരിഗണിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) മായി ഒരു സംയുക്ത യോഗവും ചേരുകയുണ്ടായി. ഇതിൽ 5 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും 4 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്ക് വേണ്ടിയും 2 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കളുടെ സാധൂകരണം, വിവിധ റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും ഉള്ളതായിരുന്നു. യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 64.5 ശതമാനമായിരുന്നു.

മൂന്ന് ഭാഗങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാംഭാഗത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ട്, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സഭയിൽ സമർപ്പിച്ചതിന്റെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ മറുപടികൾ, ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ

സ്റ്റേറ്റ്മെന്റുകൾ, ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വിവിധ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ വിവരങ്ങളും മൂന്നാം ഭാഗത്തിൽ സമിതി പരിശോധിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗ നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2017 ജൂലൈ 17-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പിണറായി വിജയൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2017 ജൂലൈ 17.

# റിപ്പോർട്ട്

## ഭാഗം-I

(1) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട് 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിച്ചു.

ധനാഭ്യർത്ഥന II- സംസ്ഥാന ഭരണത്തലവൻമാർ ,മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ
ധനാഭ്യർത്ഥന III- നീതിന്യായ നിർവ്വഹണം
ധനാഭ്യർത്ഥന IV- തെരഞ്ഞെടുപ്പുകൾ
ധനാഭ്യർത്ഥന XII- പോലീസ്
ധനാഭ്യർത്ഥന XIII-ജയിലുകൾ
ധനാഭ്യർത്ഥന XIV- സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും
ധനാഭ്യർത്ഥന XVII- വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം
ധനാഭ്യർത്ഥന XXIII-വാർത്താവിതരണവും പ്രചരണവും
ധനാഭ്യർത്ഥന XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും
ധനാഭ്യർത്ഥന XXXVII- വ്യവസായങ്ങൾ
ധനാഭ്യർത്ഥന XLI- ഗതാഗതം

2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമിതിയുടെ 09.09.2016-ലെ യോഗം അംഗീകരിക്കുകയും 2016 ഒക്ടോബർ 18-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 03.11.16-ലെ യോഗം അംഗീകരിക്കുകയും 2016 നവംബർ 7-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ഭാഗം-II

(എ) ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം കാലതാമസ പത്രിക സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

(03.11.2016 ൽ പരിഗണിച്ചവ)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)

ശിപാർശ

മന്ത്രി മന്ദിരങ്ങളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കുന്നവർക്ക് വേതനം നല്കുന്നതിലേക്ക് അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല ആയതിനാൽ നിലവിലുള്ള ബജറ്റ് വിഹിതത്തിനു പുറമേ 28,14,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 2)**

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതത്തിനു പുറമേ അഡീഷണൽ ആതറൈസേഷൻ വഴി 02-വേതനം എന്ന ശീർഷകത്തിൽ 49,78,000 രൂപ കൂടി അനുവദിച്ചിരുന്നു.

ശിപാർശ

മുൻവർഷത്തെ കുടിശ്ശിക തീർക്കുന്നതിനും ഈ വർഷത്തെ ചെലവിനുമായി നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3,78,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 3)**

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 1,00,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

ശിപാർശ

ഈ സാമ്പത്തിക വർഷം 15 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലുള്ള ബജറ്റ് വിഹിതത്തിനു പുറമേ 9,00, 000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**(ഖണ്ഡിക 4)**

സ്വീകരിച്ച നടപടി

മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി 1,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

മന്ത്രി മന്ദിരങ്ങളിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് 2014-15 വർഷം 12.3 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതമായ 83,00,000 രൂപയ്ക്ക് പുറമേ 40,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 5)**

സ്വീകരിച്ച നടപടി

പ്രതീക്ഷിച്ചതിലും കുറവായിട്ടാണ് ബില്ലുകൾ ലഭിച്ചത് എന്നതിനാൽ അധിക തുകയുടെ ആവശ്യകത ഉണ്ടായില്ല.

ശിപാർശ

പെട്രോളിയം ഉത്പന്നങ്ങളുടെ വില വർദ്ധനവ് കണക്കിലെടുക്കുമ്പോൾ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് കാണുന്നതിനാൽ 15,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 6)**

<u>സ്വീകരിച്ച നടപടി</u>

പി.ഒ എൽ എന്ന ഇനത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി 1,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

**സബ്ജക്ട് കമ്മിറ്റി IV-ൽ നിന്നും കൈമാറി വന്ന റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)**

<u>ശിപാർശ</u>

കോഴിക്കോട് ഐ.റ്റി പാർക്കിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും കൊരട്ടി ഐ.ടി. പാർക്കിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് വില നൽകുന്നതിനും പാല ഐ.ഐ.ഐ.ടി, ഇൻഫോസിറ്റി എന്നിവയ്ക്ക് സ്ഥലമെടുക്കുന്നതിനും ചേർത്ത് പ്രസ്തുത ശീർഷകത്തിൽ ആകെ 123.79 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 67)**

<u>സ്വീകരിച്ച നടപടി</u>

വിവിധ പദ്ധതികൾക്കായി KSITIL-ന് 2014-15 വർഷം ആകെ 26 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ പാലാ IIIT-ക്കു വേണ്ടി വകയിരുത്തിയിരുന്ന 10 കോടി രൂപ പ്രസ്തുത ആവശ്യത്തിലേക്കായി സൃഷ്ടിച്ച 4859-02-800-91 എന്ന ശീർഷകത്തിലേക്കു വകയിരുത്തുകയും പ്രസ്തുത തുക ഉൾപ്പെടെ ആകെ 43.20 കോടി രൂപ പാലാ IIIT-ക്കു വേണ്ടി അനുവദിക്കുകയും ചെയ്തു. കൂടാതെ 2015-16 വർഷത്തെ ആദ്യ 6 മാസത്തിനകം ചെലവാക്കാവുന്ന വിധത്തിൽ 4 കോടി രൂപ ELA യിൽ പോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

നിലവിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ടെക്നോപാർക്കിന് 9.02 കോടി രൂപയും ഇൻഫോ പാർക്കിന് 123.05 കോടി രൂപയും ചേർത്ത് ആകെ 132.07 കോടി രൂപ അധികം ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 73)**

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷത്തേക്ക്, ടെക്നോപാർക്കിനും ഇൻഫോപാർക്കിനുമായി ആകെ 123.45 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൽ 105.77 കോടി രൂപ അനുവദിക്കുകയുണ്ടായി. 8.30 കോടി രൂപ 2015-16 സാമ്പത്തിക വർഷത്തെ ആദ്യ ആറു മാസത്തിനുള്ളിൽ ചെലവഴിക്കുന്നതിലേക്കായി ELA യിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. 2014-15 വർഷം ചെലവഴിക്കേണ്ടിവരാതിരുന്നതിനാൽ ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

കോഴിക്കോട് ഐ.ടി. പാർക്കിൽ 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണത്തിന് രൂപരേഖ തയ്യാറായിരിക്കുകയും പാരിസ്ഥിതിക അനുമതി ലഭ്യമായിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കേണ്ടതുണ്ട്. കൂടാതെ കുറച്ച് സ്ഥലം കൂടി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ സൈബർ പാർക്കുകളുടെ ഐ.ടി. കെട്ടിട നിർമ്മാണത്തിന് 39 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 74)**

<u>സ്വീകരിച്ച നടപടി</u>

വിവര സാങ്കേതിക വിദ്യയ്ക്കായി സ്ഥലമെടുപ്പിനും അടിസ്ഥാന സൗകര്യ വികസനത്തിനും നബാർഡ് സഹായത്തോടെയുള്ള പദ്ധതിക്കായി 11 കോടി രൂപയാണ് 2014-15-ൽ വകയിരുത്തിയിരുന്നത്. കോഴിക്കോട് സൈബർ പാർക്കിന്റെ കെട്ടിട

നിർമ്മാണത്തിനായി ഇതിൽ 8 കോടി രൂപ അനുവദിച്ചു. മറ്റ് പദ്ധതികൾ പ്രതീക്ഷിത വേഗത്തിൽ പുരോഗമിക്കാതിരുന്നതിനാൽ അധിക തുക അനുവദിക്കേണ്ട ആവശ്യമുണ്ടായില്ല.

<u>ശിപാർശ</u>

തിരുവനന്തപുരം ടെക്നോപാർക്ക് ക്യാമ്പസിൽ സ്ഥിതിചെയ്യുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിക്ക് ടെക്നോസിറ്റിയിൽ കൈമാറി ലഭിച്ച 10 ഏക്കർ സ്ഥലത്ത് സ്വന്തം ക്യാമ്പസ് പണിയുന്നതിന് മുൻവർഷം 61.68 കോടി രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും മതിയായ തുക അനുവദിച്ചിരുന്നില്ല. ആയതിനാൽ ടെക്നോസിറ്റി ക്യാമ്പസ് നിർമ്മാണത്തിന് ആവശ്യമായ ബാക്കി 39.37 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 75)**

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ആവശ്യത്തിലേക്ക് 2014-15 വർഷത്തിൽ 14.6 കോടി രൂപയായിരുന്നു വകയിരുത്തിയിരുന്നത്. ക്യാമ്പസ് നിർമ്മാണ പുരോഗതിക്കനുസരിച്ച് 2.20 കോടി രൂപ അനുവദിക്കുകയും 12.40 കോടി രൂപ 2015-16 വർഷത്തിലെ ആദ്യ ആറ് മാസത്തിനകം ഉപയോഗിക്കാവുന്ന വിധത്തിൽ ELA യിൽ പോസ്റ്റു ചെയ്യുകയും ചെയ്തു. യാഥാർത്ഥ ആവശ്യത്തിനനുസരിച്ച് തുക അനുവദിച്ചതിനാൽ വിഷയ നിർണ്ണയ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടിവന്നില്ല.

<u>ശിപാർശ</u>

യുവാക്കളിൽ ബിസിനസ്സ് സംരംഭം വളർത്തുന്നതിനും അവരുടെ സർഗ്ഗാത്മകമായ കഴിവുകളും സാങ്കേതിക പരിജ്ഞാനവും പരമാവധി പ്രയോജനപ്പെടുത്തി അവ പൂർണ്ണമായും വികസിപ്പിച്ചെടുത്ത് ടെലികമ്മ്യൂണിക്കേഷൻ അനുബന്ധ മേഖലകളുടെ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുക എന്നതാണ് സ്റ്റാർട്ട്-അപ്പ് വില്ലേജ് എന്ന റ്റി.ബി.ഐ.സി. മുഖേന ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിൽ വിദ്യാർത്ഥികൾതന്നെ അംബാസിഡർമാരായി മാറുകയും അവരുടെ സാങ്കേതിക വൈദഗ്ദ്ധ്യം പൂർണ്ണമായും

പ്രയോജനപ്പെടുത്തിക്കൊണ്ട് ടെലികമ്മ്യൂണിക്കേഷൻ, ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിലെ വിവിധ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുത്ത് മാർക്കറ്റ് ചെയ്യുന്നതിനും സ്റ്റാർട്ട്-അപ്പ് വില്ലേജ് വിഭാവനം ചെയ്യുന്നുണ്ട്. സംരംഭകർക്ക് ആശയങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം അവരുടെ മേഖലകളിൽ അഗ്രഗണ്യന്മാരായ വ്യവസായ പ്രമുഖരിലൂടെ മെന്ററിംഗ് സൗകര്യത്തിനും നെറ്റ് വർക്കിംങ് അവസരങ്ങൾക്കും സാഹചര്യം ഒരുക്കുന്നു. അതുവഴി വിദ്യാർത്ഥികളെ തൊഴിലന്വേഷകർ എന്നതിനേക്കാൾ തൊഴിൽ ദാതാക്കളായി വളർത്തിയെടുക്കാൻ കഴിയുന്നു. ഈ പദ്ധതിക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 10.2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**(ഖണ്ഡിക 77)**

## സ്വീകരിച്ച നടപടി

നൂതന സാങ്കേതിക മേഖലയ്ക്കായി 2014-15 വർഷം 25 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 15 കോടി രൂപ അനുവദിച്ചു. ബാക്കി തുകയിൽ 3.5 കോടി രൂപ ഇലക്ട്രോണിക് ഫാബ് ലാബിന് വേണ്ടി 4859-02-190-91 എന്ന ശീർഷകത്തിലേയ്ക്ക് പുനഃക്രമീകരിച്ച് അനുവദിക്കുകയുണ്ടായി. ആകയാൽ വിഷയ നിർണ്ണയ സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല

## ശിപാർശ

സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിച്ച് തിരുവനന്തപുരത്ത് നടപ്പിൽ വരുന്ന പദ്ധതിയായ നോളജ് സിറ്റി, ടെക്നോസിറ്റി പ്രദേശത്ത് 150 ഏക്കറോളം സ്ഥലത്തായിട്ടാണ് രൂപീകരിക്കുന്നത്. മെഗാസിറ്റി പദ്ധതിക്കായി ആസൂത്രണ ബോർഡ് 700 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ നോളജ് സിറ്റിയും ഉൾപ്പെടുന്നു. ടെക്നോസിറ്റിയിൽ ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികൾക്ക് ഏക്കറൊന്നിന് 210.83 ലക്ഷം രൂപ മൂല്യമുള്ള സാഹചര്യത്തിൽ സ്ഥലമെടുപ്പിന് ഈ തുക പര്യാപ്തമല്ല ആയതിനാൽ നോളജ് സിറ്റിക്ക് 316.24 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 78)**

സ്വീകരിച്ച നടപടി

വിജ്ഞാന നഗരം പദ്ധതിയ്ക്കായി 2014-15 വർഷം 1 കോടി രൂപ വകയിരുത്തിയിരുന്നു.

**'ഫ്രണ്ട്സ്' ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം, അക്ഷയ പദ്ധതി എന്നിവ സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.**

ശിപാർശ

'ഫ്രണ്ട്സ്' ജനസേവന കേന്ദ്രങ്ങൾ ലഭ്യമാക്കി വരുന്ന സേവനങ്ങൾക്ക് തുല്യമായ സേവനങ്ങൾ നിലവിൽ മറ്റ് മാർഗ്ഗങ്ങളിൽ ജനങ്ങൾക്ക് സുലഭമാണെന്നതിനാലും ഫ്രണ്ട്സ് കേന്ദ്രങ്ങൾ തുടർന്ന് പോകുന്നതിന്റെ ചെലവ് വർദ്ധിച്ചു വന്നിരിക്കുന്നതിനാലും ഇവ ഘട്ടം ഘട്ടമായി നിർത്തലാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 1)**

സ്വീകരിച്ച നടപടി

'ഫ്രണ്ട്സ്' കേന്ദ്രങ്ങളിലൂടെ നടത്തിയിരുന്ന ഇടപാടുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിലും ചില ജില്ലകളിൽ ഇപ്പോഴും ധാരാളം സാധാരണക്കാർ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലെ സേവനങ്ങൾ, പ്രത്യേകിച്ച് അവിടത്തെ പ്രവൃത്തി സമയത്തിന്റെ സൗകര്യം പ്രയോജനപ്പെടുത്തി വരുന്നതായി കണ്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പകരം സംവിധാനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തിക്കൊണ്ട് ഇടപാടുകൾ തീരെ കുറവായ ജില്ലകളിലെ ഫ്രണ്ട്സ് കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തി അവ ഘട്ടം ഘട്ടമായി നിർത്തലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

ശിപാർശ

കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ആനുകൂല്യങ്ങൾ, പ്രവാസി ക്ഷേമനിധി രജിസ്ട്രേഷൻ എന്നിവകൂടി അക്ഷയ പദ്ധതിയുടെ കീഴിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 2)**

സ്വീകരിച്ച നടപടി

കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള പല സേവനങ്ങളും സി.എസ്.സി. ഇ-ഗവേണൻസ് ലിമിറ്റഡിന്റെ വെബ്പോർട്ടലായ അപ്പാ സി.എസ്.സി. വഴി അക്ഷയ കേന്ദ്രങ്ങൾ ജനങ്ങളിൽ എത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കിങ് കിയോസ്ക്, പി.എം.ജെ.ഡി.വൈ. (പ്രൈം മിനിസ്റ്റേഴ്സ് ജീവൻ ബീമ യോജന - PMJDY), പി.എം.ജെ.ജെ.ബി.വൈ. (പ്രൈം മിനിസ്റ്റേഴ്സ് ജീവൻ ജ്യോതി ബീമ യോജന- PMJJBY), പി.എം.എസ്.ബി.വൈ. (പ്രൈം മിനിസ്റ്റേഴ്സ് സുരക്ഷാ ബീമാ യോജന) തുടങ്ങിയ പല സംരംഭങ്ങളും അക്ഷയ വഴി മികച്ച രീതിയിൽ നടപ്പാക്കിയിട്ടുണ്ട്. പ്രവാസി ക്ഷേമ നിധിയിലേയ്ക്കുള്ള വരിസംഖ്യാ ശേഖരണം ഇപ്പോൾ തന്നെ അക്ഷയ കേന്ദ്രങ്ങൾ വഴി നടത്തി വരുന്നുണ്ട്.

ശിപാർശ

അക്ഷയ കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തിക്കാട്ടുന്നതിനും അവിടെയുള്ള ജീവനക്കാരെ തിരിച്ചറിയുന്നതിനുമായി ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 3)**

<u>സ്വീകരിച്ച നടപടി</u>

പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങളിലെ സംരംഭകരോട് സാമ്പത്തിക ബാദ്ധ്യത വരുന്ന ഈ ശിപാർശ നിർബന്ധമായും പാലിക്കണമെന്ന് നിഷ്കർഷിക്കുവാൻ സർക്കാരിന് സാധിക്കുന്നതല്ല എങ്കിലും അക്ഷയ കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി അക്ഷയ ബ്രാൻഡിംഗ് എന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതു വഴി പുതുതായി തുടങ്ങുന്ന എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രത്യേകം രൂപകൽപ്പന ചെയ്ത് അടിസ്ഥാന സൗകര്യങ്ങളും, അക്ഷയ സംരംഭകർക്കും അവിടെയുള്ള ജീവനക്കാർക്കും യൂണിഫോം ഏർപ്പെടുത്തുന്നതും സംബന്ധിച്ച ഗുണങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. ഇതിനു പുറമെ അക്ഷയ കേന്ദ്രങ്ങൾക്കായി പ്രത്യേക സൈൻ ബോർഡ് നിർബന്ധമാക്കിയിട്ടുണ്ട്.

<u>ശിപാർശ</u>

ബയോമെട്രിക് കാർഡുകളുടെ ജോലികൾ അക്ഷയ കേന്ദ്രങ്ങൾ ഏറ്റെടുത്തതുപോലെ റേഷൻ കാർഡിന്റെ ഡിജിറ്റൈസേഷൻ ജോലികൾ അക്ഷയ കേന്ദ്രങ്ങളെ ഏൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 4)**

<u>സ്വീകരിച്ച നടപടി</u>

റേഷൻ കാർഡിന് വേണ്ടിയുള്ള ഓൺലൈൻ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ വഴി നൽകിയിരുന്നു. റേഷൻ കാർഡ് പുതുക്കലിനോടനുബന്ധിച്ച് നടന്ന ഡാറ്റാ ഡിജിറ്റൈസേഷൻ ജോലികളുടെ ഏതാണ്ട് 38% അക്ഷയ കേന്ദ്രങ്ങൾക്ക് ലഭിക്കുകയുണ്ടായി.

ശിപാർശ

കൂടുതൽ അക്ഷയ കേന്ദ്രങ്ങളിൽ കിയോസ്ക് ബാങ്കിംഗ് സംവിധാനം ആരംഭിക്കണമെന്നും കിയോസ്ക് ബാങ്കിംഗ് സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

നിലവിൽ 948 അക്ഷയ കേന്ദ്രങ്ങൾ ബാങ്കിംഗ് കിയോസ്കുകളായി പ്രവർത്തിച്ചു വരുന്നുണ്ട്. പുതുതായി 750 ബാങ്കിംഗ് കിയോസ്കുകൾ കൂടി തുടങ്ങുന്ന കാര്യം പരിഗണനയിലാണ് പി.എം.ജെ.ഡി.വൈ. (പ്രൈം മിനിസ്റ്റേഴ്സ് ജീവൻ ബീമ യോജന - PMJDY), പി.എം.ജെ.ജെ.ബി.വൈ. (പ്രൈം മിനിസ്റ്റേഴ്സ് ജീവൻ ജ്യോതി ബീമ യോജന-PMJJBY), പി.എം.എസ്.ബി.വൈ (പ്രൈം മിനിസ്റ്റേഴ്സ് സുരക്ഷാ ബീമാ യോജന-PMSBY) തുടങ്ങിയ പദ്ധതികൾ ബാങ്കുകളുമായി സഹകരിച്ച് നടപ്പിലാക്കുക വഴി കിയോസ്ക് ബാങ്കിംഗ് സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ബാങ്കുകളും അക്ഷയയുമായി ചേർന്ന് നിരവധി അവബോധ ക്യാമ്പയിനുകളും സംഘടിപ്പിച്ചിട്ടുണ്ട്.

ശിപാർശ

അക്ഷയ കേന്ദ്രങ്ങളുടെ സേവനം ഗ്രാമ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനായി കേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ ഗ്രാമങ്ങളിൽ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

അക്ഷയ കേന്ദ്രങ്ങളിലൂടെ ആർ.എസ്.ബി.വൈ. രജിസ്ട്രേഷൻ, യു.ഐ.ഡി. പേര് ചേർക്കൽ. ഇ-ഡിസ്ട്രിക്ട്, ജന സമ്പർക്ക പരിപാടി, റേഷൻ കാർഡ് തുടങ്ങിയവ സംബന്ധിച്ച സേവനങ്ങൾ ജനങ്ങൾക്ക് നൽകി വരുന്നുണ്ട്. കേരളത്തിലെ ജനസംഖ്യയിൽ ഏതാണ്ട് 80%ത്തിൽ കൂടുതൽ പേർ മേൽ പറഞ്ഞ സേവനങ്ങൾക്കായി ഏതെങ്കിലും ഒരു അക്ഷയ കേന്ദ്രം സന്ദർശിച്ചിട്ടുണ്ട്. ആയതിനാൽ തന്നെ ഇതിനായി പ്രത്യേക ബോധവൽക്കരണ പരിപാടികളുടെ ആവശ്യകതയില്ല എന്നിരുന്നാലും ഗ്രാമാന്തർ പ്രദേശങ്ങളിലും ആദിവാസി കോളനികളിലും പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുകയും അക്ഷയ വഴി ലഭ്യമാക്കുന്ന എല്ലാ ഓൺലൈൻ സേവനങ്ങളും അവിടെ ലഭ്യമാക്കുകയും ചെയ്തു വരുന്നു. ഇ-ഗവേണൻസ് സേവനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും ഈ പ്രദേശങ്ങളിൽ നടത്തി വരുന്നുണ്ട്.

<u>ശിപാർശ</u>

ജനങ്ങൾക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ പറ്റുന്ന സ്ഥലങ്ങളിലേക്ക് അക്ഷയ കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 7)**

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നാലും, മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ആറും അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകി വരുന്നു. കോർപ്പറേഷൻ പരിധിയിലാകട്ടെ ജനസംഖ്യാനുപാതത്തിനും കോർപ്പറേഷൻ കൗൺസിലിന്റെ തീരുമാനത്തിനും വിധേയമായി പുതിയ കേന്ദ്രങ്ങൾ

അനുവദിച്ചു വരുന്നു. രണ്ട് അക്ഷയകേന്ദ്രങ്ങൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരപരിധി 2 കിലോമീറ്റർ എന്ന വ്യവസ്ഥ പാലിച്ചു കൊണ്ട് പൊതുജന സൗകര്യാർത്ഥം അക്ഷയ കേന്ദ്രങ്ങൾക്ക് തങ്ങളുടെ സേവന മേഖലയിൽ എവിടെ വേണമെങ്കിലും അക്ഷയ കേന്ദ്രം മാറ്റി സ്ഥാപിക്കാവുന്നതാണ്.

<u>ശിപാർശ</u>

ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി അക്ഷയ കേന്ദ്രങ്ങളിലൂടെ ലഭിക്കുന്ന സേവനങ്ങൾ കാലതാമസം കൂടാതെ സാധാരണക്കാർക്ക് പ്രാപ്തമാക്കുന്നതിനും അക്ഷയ കേന്ദ്രങ്ങളിലെ തിരക്ക് ഒഴിവാക്കുന്ന തരത്തിൽ അവയുടെ പ്രവർത്തന സംവിധാനം ക്രമീകരിക്കുന്നതിനും വേണ്ട നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 8)**

<u>സ്വീകരിച്ച നടപടി</u>

ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി അക്ഷയ കേന്ദ്രങ്ങളിലൂടെ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ടുന്ന വിവിധ തരം സർട്ടിഫിക്കറ്റുകൾക്കായുള്ള അപേക്ഷകളും യൂട്ടിലിറ്റി പേയ്മെന്റുകളും മാത്രമാണ് സ്വീകരിച്ചു വരുന്നത്. ഈ അപേക്ഷകളിൻ മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്. ഇ-ഡിസ്ട്രിക്റ്റ് പബ്ലിക് പോർട്ടൽ നിലവിൽ വന്ന് കഴിഞ്ഞതിനാൽ പൊതു ജനങ്ങൾക്ക് നേരിട്ട് തന്നെ ഈ പോർട്ടലിലൂടെ ലഭ്യമാകുന്ന സേവനങ്ങൾക്കായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഈ നടപടി അക്ഷയ കേന്ദ്രങ്ങളിലെ തിരക്ക് കുറയ്ക്കാൻ സഹായകരമാണ്.

<u>ശിപാർശ</u>

അക്ഷയ കേന്ദ്രങ്ങൾ മുഖേന നടത്തിവരുന്ന കമ്പ്യൂട്ടർ സർവ്വീസിംഗ്, കമ്പ്യൂട്ടർ ട്രെയിനിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ഖണ്ഡിക 9)**

<u>സ്വീകരിച്ച നടപടി</u>

കെൽട്രോൺ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി എന്നീ പ്രശസ്തരായ കമ്പ്യൂട്ടർ പരിശീലന ദാതാക്കളായ സ്ഥാപനങ്ങളുമായി ചേർന്ന് അക്ഷയ കേന്ദ്രങ്ങൾ വഴി വിവിധ തരം കമ്പ്യൂട്ടർ പരിശീലന പരിപാടികൾ നടത്തുവാൻ ധാരണയായിട്ടുണ്ട്.

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം ലഭ്യമാക്കാതിരുന്നത് സംബന്ധിച്ച് ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ.

1. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ 3, 4, 10 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 17.10.2016-ന് സഭയിൽ സമർപ്പിച്ചു
2. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ 1, 2, 3, 8, 9, 10, 11, 12, 13, 14, 15, 18 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 08.03.2017-ന് സഭയിൽ സമർപ്പിച്ചു.

(സി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരമുള്ള സമയപരിധിക്കുശേഷം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

1. പൊതുഭരണം (ഏകോപനം), നിയമം എന്നീ വകുപ്പുകൾ 2014 -15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് 13.07.2016- ന് സഭയിൽ സമർപ്പിച്ചു

2. പൊതുഭരണ സ്പെഷ്യൽ (ഇ), ആസൂത്രണ സാമ്പത്തികകാര്യം (സി.പി.എം.യു), ആസൂത്രണ സാമ്പത്തിക കാര്യം (ബി. പി. ഇ.), പൊതുഭരണം (സ്പെഷ്യൽ എ) എന്നീ വകുപ്പുകൾ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് 13.07.2016- ന് സഭയിൽ സമർപ്പിച്ചു.

3. പാർലമെന്ററി കാര്യ വകുപ്പിന്റെ 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് 19.10.2016- ന് സഭയിൽ സമർപ്പിച്ചു

4. പാർലമെന്ററികാര്യം, ധനകാര്യ (അക്കൗണ്ട്സ് എ), ആസൂത്രണ സാമ്പത്തികകാര്യം (ബി.പി.ഇ.), ഇലക്ഷൻ, പൊതുഭരണ സർവ്വീസസ് (ഡി), ഉന്നതവിദ്യാഭ്യാസം (അച്ചടി), ഉന്നതവിദ്യാഭ്യാസം (സ്റ്റേഷനറി), ഉദ്യോഗസ്ഥ ഭരണപരിഷ്കാരം (ഐ.എം.ജി.), ഉദ്യോഗസ്ഥഭരണപരിഷ്കാരം (ഔദ്യോഗിക ഭാഷ), വിവര പൊതുജനസമ്പർക്കം, ഇലക്ട്രോണിക്സ് ആന്റ് വിവര സാങ്കേതിക വിദ്യാ (ടെക്നോ പാർക്ക്) എന്നീ വകുപ്പുകളുടെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് 19.10.2016- ന് സഭയിൽ സമർപ്പിച്ചു

5. ഇലക്ട്രോണിക്സ് ആന്റ് വിവരസാങ്കേതികവിദ്യാ വകുപ്പ് (സൈബർ പാർക്ക്, കോഴിക്കോട്) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് 19.10.2016- ന് സഭയിൽ സമർപ്പിച്ചു.

6. വിവര സാങ്കേതിക വിദ്യ (ഐ.ഐ.ഐ.റ്റി.എം.കെ.), വിവരസാങ്കേതികവിദ്യ (ഇൻഫോപാർക്ക്, കൊച്ചി) എന്നീ വകുപ്പുകൾ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് 08.11.2016- ന് സഭയിൽ സമർപ്പിച്ചു.
7. വിവരസാങ്കേതികവിദ്യാ വകുപ്പ് (സൈബർ പാർക്ക്, കോഴിക്കോട്) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് 08.11.2016- ന് സഭയിൽ സമർപ്പിച്ചു
8. പൊതുഭരണ (ബഡ്ജറ്റ് വിംഗ്), ഉദ്യോഗസ്ഥഭരണപരിഷ്കാരം (കേരള ഭരണ നിർവ്വഹണമദ്ധ്യസ്ഥ കോടതി), പ്രവാസി കേരളീയ കാര്യം, ഇലക്ട്രോണിക്സ് ആന്റ് വിവര സാങ്കേതിക വിദ്യാ (ഐ.ഐ.ഐ.ടി., വലവൂർ, കോട്ടയം), എന്നീ വകുപ്പുകളുടെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് 09.03.2017- ന് സഭയിൽ സമർപ്പിച്ചു

## ഭാഗം III

### (എ) ബില്ലുകളുടെ പരിശോധന

1. 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ 14.07.2016-ലെ യോഗം ഭേദഗതികളില്ലാതെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 15.07.2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.
2. 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ 03.11.2016-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 04.11.2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബിൽ 03.11.2016-ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 04.11.2016-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി ബിൽ) 13.03.2017-ലെ യോഗം ഭേദഗതികളില്ലാതെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 14.03.2017-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**(ബി) ചട്ടങ്ങളുടെ പരിശോധന**

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>09.09.2016-ലെ യോഗം</u>

1. ദി കേരള കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2016.
   (ഫയൽ നം.2062/സബ്സി.ഡി2/2016/നി.സെ.)
2. 2016-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താത്പര്യ സംരക്ഷണ ചട്ടങ്ങൾ.
   (ഫയൽ നം.2104/സബ്സി.ഡി2/2016/നി.സെ.)
3. ദി കേരള സർവ്വീസ് (. . . . . . . . അമെന്റ്മെന്റ്) റൂൾസ്, 2016.
   [റൂൾ 3 & റൂൾ 5A, പാർട്ട് III, KSR-ലെ ഭേദഗതി]
   (ഫയൽ നം.2652/സബ്സി.ഡി2/2016/നി.സെ.)
4. 2016-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ (ചട്ടം 15 എ-യിലെ ഭേദഗതി)
   (ഫയൽ നം.2480/സബ്സി.ഡി2/2016/നി.സെ.)

06.02.2017-ലെ യോഗം

5. 2016-ലെ കേരള ഗവൺമെന്റ് പ്രസ്സസ്സ് സ്റ്റേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്
   (ഫയൽ നം.4515/സബ്സി.ഡി12/2016/നി.സെ.)
6. ദി കേരള സർവ്വീസ് (. . . . . . . . അമെന്റ്മെന്റ്) റൂൾസ്, 2016.
   [റൂൾ 53(b)(1), പാർട്ട് I-ലെ ഭേദഗതി]
   (ഫയൽ നം.5299/സബ്സി.ഡി12/2016/നി.സെ.)
7. ദി കേരള സർവ്വീസ് (. . . . . . . . അമെന്റ്മെന്റ്) റൂൾസ്, 2016.
   [റൂൾ 90A, 93, 103 of Part I & Appendix VII-ലെ ഭേദഗതി]
   (ഫയൽ നം.5310/സബ്സി.ഡി12/2016/നി.സെ.)
8. ദി കേരള സർവ്വീസ് (. . . . . . . . അമെന്റ്മെന്റ്) റൂൾസ്, 2016.
   [റൂൾ 90(6)-ൽ നോട്ട് 5-ലെ ഭേദഗതി]
   (ഫയൽ നം.5536/സബ്സി.ഡി12/2016/നി.സെ.)
9. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ (ഭേദഗതി) ചട്ടങ്ങൾ, 2016.
   [ചട്ടം 93-ലെ ഭേദഗതി]
   (ഫയൽ നം.5381/സബ്സി.ഡി12/2016/നി.സെ.)

താഴെ പറയുന്ന കരട് ചട്ടങ്ങൾ സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു

**ധനകാര്യ വകുപ്പ്**

1. ദി കേരള സർവ്വീസ് (.......അമെന്റ്മെന്റ്) റൂൾസ്, 2016
   (റൂൾ 100, പാർട്ട് I KSR-ലെ ഭേദഗതി)
   (ഫയൽ നം. 2430/സബ്.സി.ഡി12/2016/നി.സെ.)
2. ദി കേരള സർവ്വീസ് (.......അമെന്റ്മെന്റ്) റൂൾസ്, 2016
   (KSR Part I റൂൾ 100 -ലെ ഭേദഗതി)
   (ഫയൽ നം. 3234/സബ്.സി.ഡി12/2016/നി.സെ.)

### പാർലമെന്ററികാര്യ വകുപ്പ്

3. ദി മെഡിക്കൽ അറ്റൻഡന്റ്സ് റ്റു ദി എക്സ്-മെമ്പേഴ്സ് ഓഫ് ദി ലെജിസ്ലേറ്റീവ് അസംബ്ലി (ഫസ്റ്റ് അമെന്റ്മെന്റ്) റൂൾസ്, 2016 (റൂൾ 2-ലെ ഭേദഗതി)
(ഫയൽ നം. 1294/സബ്.സി.ഡി12/2016/നി.സെ.)
4. ദി മെഡിക്കൽ അറ്റൻഡന്റ്സ് റ്റു ദി എക്സ്-മെമ്പേഴ്സ് ഓഫ് ദി ലെജിസ്ലേറ്റീവ് അസംബ്ലി (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2016 (റൂൾ 2-ലെ ഭേദഗതി)
(ഫയൽ നം. 1294/സബ്.സി.ഡി12/2016/നി.സെ.)

### ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

5. ദി കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) അമെന്റ്മെന്റ് റൂൾസ്, 2016 (ചട്ടം 18-ലെ ഭേദഗതി)
(ഫയൽ നം. 3093/സബ്.സി.ഡി12/2016/നി.സെ.)
6. ദി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (.........അമെന്റ്മെന്റ്) റൂൾസ്, 2016, [ലിസ്റ്റ് I (SC ലിസ്റ്റ്), ലിസ്റ്റ് III (OBC ലിസ്റ്റ്) എന്നിവയിൽ ഭേദഗതി]
(ഫയൽ നം. 3612/സബ്.സി.ഡി12/2016/നി.സെ.)
7. ദി കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) അമെന്റ്മെന്റ് റൂൾസ്, 2016 [റൂൾ 15-ൽ സബ് റൂൾ (14)-ലെ ഭേദഗതി]
(ഫയൽ നം. 3863/സബ്.സി.ഡി12/2016/നി.സെ.)
8. ദി കേരള സർവ്വീസ് റൂൾസ് (എസ്.ആർ.ഒ. നം. 4/2015, 5/2015, 400/2015, 540/2015, 874/2015) എന്നിവയുടെ തിരുത്തൽ വിജ്ഞാപനങ്ങൾ
(ഫയൽ നം. 4202/സബ്.സി.ഡി12/2016/നി.സെ.)

### (സി) എസ്.ആർ.ഒ.-കളുടെ സാധൂകരണം

സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ പുറപ്പെടുവിച്ച താഴെ പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച ബന്ധപ്പെട്ട വകുപ്പുകളുടെ വിശദീകരണം സമിതി അംഗീകരിക്കുകയും വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

1. ദി സ്പെഷ്യൽ റൂൾസ് ഫോർ ദി സബോർഡിനേറ്റ് സർവ്വീസ് ഇൻ ദി യൂണിറ്റ് കംപ്രൈയിസിംഗ് ദി ഓഫീസസ് ഓഫ് ദി എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജസ് ആന്റ് വിജിലൻസ് ട്രൈബ്യൂണൽസ് (അമെന്റ്മെന്റ്) 2015
(എസ്.ആർ.ഒ. നമ്പർ 90/2016)
(ഫയൽ നം. 1644/സബ്.സി.ഡി12/2016/നി.സെ.)

2. ദി കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2016
(എസ്.ആർ.ഒ. നം.107/2016)
(ഫയൽ നം. 1584/സബ്.സി.ഡി12/2016/നി.സെ.)

3. ദി കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2016
(എസ്.ആർ.ഒ. നം.616/2016)
(ഫയൽ നം. 5718/സബ്.സി.ഡി12/2013/നി.സെ.)

4. 2016-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ. നം. 585/2016)
(ഫയൽ നം. 2480/സബ്.സി.ഡി12/2016/നി.സെ.)

5. 2016-ലെ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി (ഭേദഗതി) ചട്ടങ്ങൾ
(എസ്.ആർ.ഒ. നം. 601/2016)
(ഫയൽ നം. 5392/സബ്.സി.ഡി12/16/നി.സെ.)

തിരുവനന്തപുരം
2017 ജൂലൈ 17.

പിണറായി വിജയൻ
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

## അനുബന്ധം

# വിഷയനിർണ്ണയ സമിതി XIV

## (ആഭ്യന്തര കാര്യങ്ങൾ)

### 2016 ജൂലൈ 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2016 ജൂലൈ മാസം 14-ാം തീയതി, വ്യാഴാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 4.25-ന് നിയമസഭാ സമുച്ചയത്തിലെ V-D സമ്മേളന ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. തദവസരത്തിൽ പ്രത്യേക ക്ഷണിതാവായി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ജെയിംസ് മാത്യു
2. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
3. ശ്രീ. സി. കെ. നാണു
4. ശ്രീ. ഉമ്മൻചാണ്ടി
5. ശ്രീ. എ. പ്രദീപ് കുമാർ
6. ശ്രീ. രാജു എബ്രഹാം
7. ശ്രീ. ആർ. രാമചന്ദ്രൻ
8. ശ്രീ. രമേശ് ചെന്നിത്തല

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്.
2. ശ്രീ. ടി. ഒ. സൂരജ്, സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.
3. ശ്രീമതി ദീപാദേവി. എസ്., സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
4. ശ്രീമതി കല എൻ. എൽ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

സർവ്വശ്രീ രമേശ് ചെന്നിത്തല, പി. കെ. കുഞ്ഞാലിക്കുട്ടി, ഉമ്മൻചാണ്ടി എന്നീ അംഗങ്ങൾ പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 4.40 മണിക്ക് പിരിഞ്ഞു.

# വിഷയനിർണ്ണയ സമിതി XIV
# (ആഭ്യന്തരകാര്യങ്ങൾ)

## 2016 ജൂലൈ 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായുള്ള ഒന്നാമത്തെ യോഗം 2016 ജൂലൈ മാസം 25-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കു ശേഷം 2.30 മണിയ്ക്ക് സമിതി ചെയർമാനായ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. ജെയിംസ് മാത്യു
2. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
3. ശ്രീ. സി. കെ. നാണു
4. ശ്രീ. ഉമ്മൻചാണ്ടി
5. ശ്രീ. രാജു എബ്രഹാം
6. ശ്രീ. ആർ. രാമചന്ദ്രൻ
7. ശ്രീ. രമേശ് ചെന്നിത്തല

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എ. രാജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരം & വിജിലൻസ് വകുപ്പ്.
2. ശ്രീ. വി. എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
3. ശ്രീ. സത്യജിത് രാജൻ, പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
4. ശ്രീ. സുരേഷ് ദാസ്, പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്.
5. ഡോ. ഉഷാ ടൈറ്റസ്, സെക്രട്ടറി, പൊതുഭരണം, നോർക്ക & വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പ്.

6 (a.) ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.

7. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്.
8. ശ്രീ. ടി. ഒ. സൂരജ്, സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.
9. ശ്രീ. കെ. മുഹമ്മദ് വൈ. സഫറുള്ള, ഡയറക്ടർ, കെ.എസ്.ഐ.ടി.എം.
10. ശ്രീ. കെ. എൻ. സതീഷ്, ഡയറക്ടർ, സി.പി.എം.യു, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
11. ശ്രീമതി എസ്. ദീപാദേവി, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
12. ശ്രീ. ആർ. പ്രഫുല്ല വിക്രമൻ, അഡീഷണൽ സെക്രട്ടറി, ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.
13. ശ്രീ. ജേക്കബ് കോശി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
14. ശ്രീമതി ടി. കെ. അജിത കുമാരി, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

15. ശ്രീ. ടി. വി. വിജയകുമാർ, ഡയറക്ടർ, പ്രിന്റിംഗ് ഡിപ്പാർട്ട്മെന്റ്.

16. ഡോ. ജയശ്രീ എം. എസ്, ഡയറക്ടർ, ഐ.ഐ.ഐ.റ്റി.എം.കെ.

17. ശ്രീ. കെ. സന്തോഷ് കുമാർ, അഡീഷണൽ ഡയറക്ടർ, ഇ.എം.ഡി.

18. ശ്രീ. ജോസ് എൻ. സിറിൽ, രജിസ്ട്രാർ, എം.എസ്.ടി.

19. ശ്രീ. ഋഷികേശ് നായർ, സി.ഇ.ഒ., ടെക്നോപാർക്ക് & ഇൻഫോപാർക്ക്.

20. ശ്രീ. ആർ. അജിത് കുമാർ, സി.ഇ.ഒ, സൈബർ പാർക്ക്, കോഴിക്കോട്.

21. ശ്രീമതി കെ. സി. ലളിതാംബിക, സ്റ്റേഷനറി കൺട്രോളർ.

2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, III, XIV, XVII, XXIII, XXIV, XXXVII എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തശേഷം താഴെപ്പറയുന്ന ശിപാർശകൾ / നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

### ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

2013- മന്ത്രിസഭ
2013-00-104-99- അതിഥിസൽക്കാരച്ചെലവുകൾ

അതിഥി സൽക്കാര ചെലവുമായി ബന്ധപ്പെട്ട് 2016 മാർച്ച് മാസം മുതലുള്ള ബില്ലുകളുടെ കുടിശ്ശിക നൽകുന്നതിനും ഈ സാമ്പത്തിക വർഷത്തെ തുടർന്നു വരുന്ന മാസങ്ങളിലെ ചെലവ് നടത്തുന്നതിനും ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-101-99-<u>മന്ത്രിമാരുടെ ശമ്പളം</u>
01-4-<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

നടപ്പുസാമ്പത്തികവർഷം 24,51,471 രൂപ ചെലവഴിച്ചിട്ടുള്ളതിനാലും നിരവധി ക്ലെയിമുകൾ അനുവദിച്ചു നൽകേണ്ടതായുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-108-99-<u>സഞ്ചാരചെലവുകൾ</u>
04-01 <u>യാത്രാ ബത്ത</u>

മുൻ സാമ്പത്തിക വർഷത്തെ 50 ലക്ഷം രൂപയുടെ ബില്ലുകൾ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നൽകി തീർപ്പാക്കിയിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2051- <u>പബ്ലിക് സർവ്വീസ് കമ്മീഷൻ</u>
2051-00-102-99-<u>പബ്ലിക് സർവ്വീസ് കമ്മീഷൻ</u>

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ തുക സമിതി പരിശോധിച്ചു. പാർട്ട്-ടൈം ജീവനക്കാരുടെയും ദിവസവേതനക്കാരുടെയും വേതനം, പരീക്ഷാ നടത്തിപ്പുമായും ഇന്റർവ്യൂ സംബന്ധമായുമുള്ള ജീവനക്കാരുടെയും കമ്മീഷൻ അംഗങ്ങളുടെയും വിഷയ വിദഗ്ധരുടെയും യാത്രാചെലവുകൾ, കമ്മീഷന്റെ ഓഫീസുകളുടെയും ചെയർമാന്റെ ഔദ്യോഗിക വസതിയുടെയും വാടക, പി.എസ്.സി. ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവുകൾ എന്നീയിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 02-വേതനം എന്നയിനത്തിൽ 50 ലക്ഷം രൂപയും 04-യാത്രാചെലവ് എന്ന ശീർഷകത്തിലെ യാത്രാബത്ത എന്നയിനത്തിൽ 25 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന ഇനത്തിൽ

27 ലക്ഷം രൂപയും 07-പ്രസിദ്ധീകരണങ്ങൾ എന്നയിനത്തിൽ 38,50,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

50 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകൾ, ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തിക വർഷം നടത്തേണ്ടതുള്ളതിനാൽ '28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ഇനത്തിൽ 10 കോടി രൂപയും '34-മറ്റുചെലവുകൾ' എന്ന ഇനത്തിൽ 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2052-<u>സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ</u>
2052-00-090-99-<u>അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്</u>

ബജറ്റ് വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

| | |
|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - 10,00,000 രൂപ |
| 02-വേതനം | - 80,00,000 രൂപ |
| 05-1-വെള്ളക്കരം | - 5,00,000 രൂപ |
| 05-3- ടെലഫോൺ ചെലവ് | - 44,88,000 രൂപ |
| 06-വാടക, കരം, നികതി | - 8,15,000 രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - 1,00,000 രൂപ |
| 34-3-മറ്റ് ചെലവുകൾ | - 10,00,000 രൂപ |

2052-00-090-97-<u>മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>
01-4-<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

2015-16 വർഷം 23,76,541 രൂപ ചെലവ് വന്നിട്ടുള്ളതിനാലും 2016-17

സാമ്പത്തിക വർഷം ഇതിനോടകം 10,68,787 രൂപ ചെലവഴിച്ചിട്ടുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 10 ലക്ഷം രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2052-00-090-72-<u>കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിന്റെ വേതനവും അലവൻസുകളും</u>

01-<u>ശമ്പളം</u>

എം.പി.-മാരുടെ പേഴ്സണൽ സ്റ്റാഫിന് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകേണ്ടത് കണക്കിലെടുത്ത് 46,43,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

02-<u>വേതനം</u>

എം.പി. മാരുടെ ഡ്രൈവർമാരുടെ ശമ്പളം 12,000 രൂപയിൽ നിന്നും 18,000 രൂപയായി വർദ്ധിപ്പിച്ചതിനാലും കൂടുതൽ ഡ്രൈവർമാർക്ക് ശമ്പളം നൽകേണ്ടതുള്ളതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2052-00-092-93-<u>കേരളത്തിന്റെ പ്രത്യേക പ്രതിനിധി, ന്യൂഡൽഹി</u>

04-2-<u>സ്ഥലംമാറ്റ ബത്ത</u>

2016-17 സാമ്പത്തിക വർഷം രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥരടക്കം 4 പേർക്ക് സ്ഥലംമാറ്റയാത്രാബത്ത അനുവദിച്ചതിനാൽ ഈ ശീർഷകത്തിൽ 14,742 രൂപ മാത്രമേ അവശേഷിക്കുന്നുള്ളുവെന്നും, നിലവിൽ 3 പേരുടെ സ്ഥലംമാറ്റ ഉത്തരവുകൾ പ്രകാരം യാത്രാ ബത്ത അനുവദിക്കേണ്ടതായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

05 - ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം

എൻ.ഡി.എം.സി. വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ശരാശരി ഒരു മാസം 1,86,000 രൂപയോളം വെള്ളക്കരമിനത്തിൽ അടക്കേണ്ടി വരുന്നതിനാൽ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 05-1- വെള്ളക്കരം എന്ന ഇനത്തിൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2052-00-092-88- കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

നടപ്പ് സാമ്പത്തിക വർഷം വിവരാവകാശ കമ്മീഷന് ടെലഫോൺ ചെലവ്, മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 05-3-ടെലഫോൺ ചെലവ് എന്ന ഇനത്തിലും 21-2- മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിലും ഒരു ലക്ഷം രൂപ വീതം അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് പുതിയ 3 വാഹനങ്ങൾ വാങ്ങുന്നതിനായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-73- പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് -
36 - സഹായധനം

നടപ്പ് വർഷം ലക്ഷ്യമിട്ടിരിക്കുന്ന പരിപാടികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,43,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2052-00-090-66- സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ ഹൗസ് ട്രെയിനിംഗ്

നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 8,89,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-95 - നിയമവകുപ്പ്

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

| | | | |
|---|---|---|---|
| 01-4 - | മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 4,50,000 രൂപ |
| 04-1 - | യാത്രാബത്ത | - | 2,70,000 രൂപ |
| 04-4 - | അവധി യാത്രാനുകൂല്യം | - | 9,00,000 രൂപ |
| 04-02 - | സ്ഥലംമാറ്റബത്ത | - | 1,45,000 രൂപ |
| 21-2 - | മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 48,000 രൂപ |

3451 - സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ
3451-00-092-95 - ബ്യൂറോ ഓഫ് പബ്ലിക്ക് എന്റർപ്രൈസസ്
34-3- മറ്റിനം

കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശികയായ 1,39,000 രൂപ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നൽകേണ്ടിവന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 1,40,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

3451-00-101-69 <u>സംസ്ഥാന പരിശീലന നയം-പരിശീലന പരിപാടി (പദ്ധതി)</u>

സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി 1518 പരിശീലന പരിപാടികളിലായി 7590 പരിശീലന വിഭാഗങ്ങൾ കൂടുതൽ ഉള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 1685 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-87 (01) - <u>വിവരസാങ്കേതികത്വ സർവ്വീസ് സൊസൈറ്റി (പദ്ധതി)</u>

സംസ്ഥാനത്തിന്റെ ഐ.ടി. നയം വിഭാവനം ചെയ്യുന്ന പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 149 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-52 - <u>അക്ഷയ പദ്ധതി (പദ്ധതി)</u>

അക്ഷയ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നടത്തിപ്പിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

3451-00-101-39 - <u>യുവസംരംഭകത്വ പദ്ധതി (പദ്ധതി)</u>

ഈ പദ്ധതിയിൽ പുതുതായി 4 ഘടകങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2580 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

### ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

2014-00-114-99 - ലാഓഫീസർമാർ

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

| | | |
|---|---|---|
| 04-4- അവധി യാത്രാനുകൂല്യം | - | 4,90,000 രൂപ |
| 05-3 - ടെലഫോൺ ചെലവ് | - | 1,00,000 രൂപ |
| 05-4 - മറ്റിനങ്ങൾ | - | 5,00,000 രൂപ |
| 21-2 - മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 2,00,000 രൂപ |

2014-00-114-98 - ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

28 - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലം, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനം, ഇന്ധനച്ചെലവ് എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു ആയതിനാൽ ഈ ശീർഷകത്തിൽ 1,95,72,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2014-00-114-93 - കേരള സംസ്ഥാന നിയമ സഹായ സമിതി

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

| | | |
|---|---|---|
| 01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 3,00,000 രൂപ |
| 02 - വേതനം | - | 2,50,000 രൂപ |
| 04-1 - യാത്രാബത്ത | - | 1,50,000 രൂപ |
| 04-02 - സ്ഥലംമാറ്റബത്ത | - | 1,00,000 രൂപ |
| 05-1- വെള്ളക്കരം | - | 50,000 രൂപ |
| 05-2 - വൈദ്യുത ചെലവ് | - | 2,00,000 രൂപ |
| 05-3 - ടെലഫോൺ ചെലവ് | - | 3,00,000 രൂപ |
| 05-4 - മറ്റിനങ്ങൾ | - | 3,00,000 രൂപ |
| 06 - വാടക, കരം, നികുതി | - | 10,00,000 രൂപ |
| 21 - മോട്ടോർ വാഹനങ്ങൾ | - | 20,00,000 രൂപ |
| 21-1 - മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1,00,000 രൂപ |
| 34 - മറ്റ് ചെലവുകൾ | - | 6,00,00,000 രൂപ |

2014-00-114-92 - സ്ഥിര ലോക് അദാലത്ത്

ഈ ശീർഷകത്തിലെ 01-4 മെഡിക്കൽ റീഇംബേഴ്സ്മെന്റ്, 05-3 ടെലഫോൺ ചെലവ് എന്നീ ഇനങ്ങളിലെ ചെലവുകൾക്ക് ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിലും യഥാക്രമം ഒരു ലക്ഷം രൂപ, 50,000 രൂപ എന്നിങ്ങനെ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2014-00-116-99 - കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| | | |
|---|---|---|
| 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 3,15,000 രൂപ |
| 04-1-യാത്രാബത്ത | - | 1,40,000 രൂപ |
| 05-3-ടെലഫോൺ ചെലവ് | - | 44,000 രൂപ |
| 05-4- മറ്റിനങ്ങൾ | - | 3,31,000 രൂപ |
| 18-സംരക്ഷണം | - | 99,000 രൂപ |
| 21-മോട്ടോർ വാഹനങ്ങൾ | - | 60,00,000 രൂപ |
| 21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 62,000 രൂപ |

34-3 - മറ്റിനം - 70,000 രൂപ
45 - പി.ഒ.എൽ - 44,000 രൂപ
99 - വിവരസാങ്കേതിക വിദ്യ - 13,99,000 രൂപ

2014-00-102-98 - ഹൈക്കോടതി ലൈബ്രറിക്ക് പുസ്തകം വാങ്ങൽ

ഹൈക്കോടതി ജഡ്ജിമാരുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും സോഫ്റ്റ്‌വെയറും വാങ്ങുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2014-00-102-97 - ഹൈക്കോടതി കമ്പ്യൂട്ടർവൽക്കരണം

ഹൈക്കോടതിയുടെ ആവശ്യത്തിനായി 280 കമ്പ്യൂട്ടറുകളും 100 പ്രിന്ററുകളും അടിയന്തരമായി വാങ്ങുന്നതിലേക്കായി ഈ ശീർഷകത്തിൽ 70,60,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2014-00-117-99 - കുടുംബ കോടതികൾ

നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലെ 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നയിനത്തിൽ 5 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്നയിനത്തിൽ 69,10,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2014-00-105-99 - സിവിലും സെഷൻസും കോടതികൾ
99 - വിവരസാങ്കേതികവിദ്യ

കീഴ്കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനും നിലവിലുള്ള ലാപ്ടോപ്പുകളുടെ വാർഷിക അറ്റകുറ്റപ്പണി കരാർ പുതുക്കുന്നതിനും അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനും നിലവിലെ ബജറ്റ്

വിഹിതം അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2014-00-108-99 - <u>ക്രിമിനൽ കോടതികൾ</u>
02 - <u>വേതനം</u>

മജിസ്ട്രേറ്റ് കോടതികളിൽ രാത്രി കാവലിനായി നിയമിക്കുന്ന സുരക്ഷാ ജീവനക്കാർക്കുള്ള വേതനം നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3,91,12,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2014-00-800-88 - <u>ഗ്രാമന്യായാലയം</u>

സംസ്ഥാനത്ത് നിലവിലുള്ള 8 ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനത്തിനും നടപ്പ് സാമ്പത്തിക വർഷത്തിൽ 30 ഗ്രാമന്യായാലയങ്ങൾ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും 04-മറ്റിനങ്ങൾ എന്നയിനത്തിൽ 165 ലക്ഷം രൂപയും 18-സംരക്ഷണം എന്ന ശീർഷകം ഉൾക്കൊള്ളിച്ചുകൊണ്ട് 300 ലക്ഷം രൂപയും അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2014-00-800-87 - <u>സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ</u>

തിരുവനന്തപുരത്തും എറണാകുളത്തും തുടങ്ങിയ സി.ബി.ഐ. കോടതികൾക്ക് കമ്പ്യൂട്ടറുകളും പ്രിന്ററുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 6,54,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-93 - <u>സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക</u>

06 - <u>വാടക, കരം, നികുതി</u>

നിലവിൽ 175 ജുഡീഷ്യൽ ഓഫീസർമാർ വാടകവീടുകളിൽ താമസിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി ജുഡീഷ്യൽ ഓഫീസർമാരുടെ വാടകവീടുകളുടെ മാസവാടകയും കുടിശ്ശികയും നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2014-00-800-85 – ഇ-കോടതി നടപ്പാക്കൽ

ഇ-കോടതി പദ്ധതിയുടെ ഭാഗമായി 38 കീഴ്കോടതി സമുച്ചയങ്ങളിൽ ബ്രോഡ്ബാന്റ് നൽകുന്നതിനും, IHRD യിൽ നിന്നും സാങ്കേതിക മനുഷ്യാദ്ധ്വാനം ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1,08,39,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2014-00-103-98 – പൗരാവകാശ സംരക്ഷണ നിയമം/പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ/പ്രത്യേക കോടതികൾ/ബെഞ്ചുകൾ (50% കേന്ദ്രാവിഷ്കൃതം) (പദ്ധതി)

മാനന്തവാടി, കൊട്ടാരക്കര കോടതികളിൽ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും നിയോഗിക്കുന്ന കാഷ്വൽ സ്വീപ്പേഴ്സിനുള്ള വേതനം നൽകുന്നതിനായി നിലവിൽ തുക അനുവദിച്ചിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി 02-വേതനം എന്നയിനത്തിൽ 60,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2014-00-105-98 – മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

പുതിയതായി ആരംഭിച്ച തളിപ്പറമ്പ് കോടതിക്ക് വാഹനം വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 21-മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്നയിനത്തിൽ 7 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2014-00-800-82 - <u>പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന്</u>

പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 45 പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് 20,31,36,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം പുതിയ ശീർഷകത്തിൽ താഴെപ്പറയുന്ന ഇനങ്ങൾക്ക് തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

| | | |
|---|---|---|
| വിവര സാങ്കേതിക വിദ്യ അധിഷ്ഠിത കോടതികൾക്കു വേണ്ടി സാങ്കേതിക ജ്ഞാനമുള്ള മാനവ വിഭവശേഷി വർദ്ധനവ് | - | 2,63,00,000 രൂപ |
| വ്യവഹാര സൗഹൃദമാക്കുന്നതിനു വേണ്ടി നിലവിലുള്ള കോടതികളുടെ പുനർനിർമ്മാണം | - | 15,63,00,000 രൂപ |
| രേഖകളുടെ സ്കാനിംഗും ഡിജിറ്റൈസേഷനും | - | 4,00,00,000 രൂപ |
| ന്യായാധിപരുടെ പരിശീലനവും കാര്യക്ഷമത വർദ്ധിപ്പിക്കലും | - | 1,17,00,000 രൂപ |

2014-00-105-95- <u>മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ</u>

ഈ ശീർഷകത്തിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 36,60,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

# ധനാഭ്യർത്ഥന XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

2058 - സ്റ്റേഷനറിയും അച്ചടിയും
2058-00-001-99 - നടത്തിപ്പ്

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

| | | |
|---|---|---|
| 04-യാത്രാചെലവുകൾ | - | 5,45,000 രൂപ |
| 05-ഓഫീസ് ചെലവുകൾ | - | 4,65,000 രൂപ |
| 06-വാടക, കരം, നികുതി | - | 4,00,000 രൂപ |
| 21-1-വാഹനം വാങ്ങൽ | - | 10,00,000 രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 2,80,000 രൂപ |
| 45-പി.ഒ.എൽ | - | 2,85,000 രൂപ |
| 99-വിവരസാങ്കേതിക വിദ്യ | - | 19,99,000 രൂപ |

2058-00-101-99- സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ 18-സംരക്ഷണം എന്നയിനത്തിൽ 2,75,000 രൂപയും 19-യന്ത്രോപകരണങ്ങൾ എന്നയിനത്തിൽ 37,00,000 രൂപയും 24-സാധനസാമഗ്രികൾ എന്നയിനത്തിൽ 24,08,06,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-001-92- <u>സ്റ്റേഷനറി വകുപ്പിന്റെ ആധുനികവൽക്കരണം</u>

കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും സോഫ്റ്റ്വെയർ നവീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 6,12,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-103-99- <u>ഗവൺമെന്റ് പ്രസ്സുകൾ</u>

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

| | | |
|---|---|---|
| 01-6-ഓവർ ടൈം അലവൻസ് | - | 5,00,00,000 രൂപ |
| 05-4-മറ്റിനങ്ങൾ | - | 25,00,000 രൂപ |
| 18-സംരക്ഷണം | - | 12,00,000 രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 45,00,000 രൂപ |
| 24-സാധനസാമഗ്രികൾ | - | 1,00,00,000 രൂപ |
| 45-പി.ഒ.എൽ | - | 2,00,000 രൂപ |

2058-00-103-98 - <u>ഗവൺമെന്റ് പ്രസ്സുകളിൽ അപ്രന്റിസുകളെ നിയോഗിക്കൽ</u>
12 - <u>സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

അപ്രന്റിസ് സ്റ്റൈപ്പന്റ് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും

2220 - <u>വാർത്താവിതരണവും പ്രചരണവും</u>
2220-01-001-96 - <u>പ്രത്യേക പൊതുജനസമ്പർക്ക മേളകൾ (പദ്ധതി)</u>

സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ വിവിധ പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചും ഗ്രാമ പ്രദേശങ്ങളിലുള്ളവരിൽ അവബോധം സൃഷ്ടിക്കുന്നതിന്

ഓരോ ജില്ലയിലും പൊതുജന സമ്പർക്ക പരിപാടികൾ സംഘടിപ്പിക്കാൻ ലക്ഷ്യമിടുന്നതിനാലും കുടിശ്ശിക ബില്ലുകൾ തീർപ്പാക്കേണ്ടതുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് പരിശോധനയിൽ വെളിവാക്കപ്പെട്ടു ആയതിനാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-01-001-99 - <u>പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റ്</u>
21-2 - <u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലെ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണന്ന് പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ ഈയിനത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2220-01-001-98- <u>ജില്ലാ പ്രചരണ ഓഫീസുകൾ</u>
21-2- <u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ജില്ലാ പ്രചരണ ഓഫീസുകളിൽ നിലവിലുള്ള വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2220-60-101-99 - <u>പ്രദർശനവും പരസ്യവും</u>

സർക്കാരിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങൾ ദിനപത്രങ്ങളിലൂടെയും പ്രദർശന പരസ്യങ്ങൾ വഴിയും പൊതുജനങ്ങളിലെത്തിക്കുന്നതിനും വകുപ്പിന്റെ പരസ്യ വിഭാഗം ആധുനികവൽക്കരിക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-101-97- പരസ്യത്തിനുള്ള ചെലവുകൾ
01- അച്ചടി മാധ്യമം

വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നുമുള്ള ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യച്ചുളി നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-110-99- പുസ്തക പ്രസിദ്ധീകരണം

ജില്ലാ ഹാന്റ് ബുക്കുകളുടെ പുനഃപ്രസിദ്ധീകരണം, മീഡിയാ ഹാന്റ് ബുക്ക്, കേരള ആൻ ഓതന്റിക് ഹാന്റ് ബുക്ക്, ഹെറിറ്റേജ് ഓഫ് കേരള സീരീസ് പ്രസിദ്ധീകരണങ്ങൾ, മറ്റു വൈജ്ഞാനിക ഗ്രന്ഥങ്ങൾ എന്നിവ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 17 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-01-001-98-21-1- മോട്ടോർ വാഹനങ്ങൾ വാങ്ങൽ
2220-01-001-99-21-1- മോട്ടോർ വാഹനങ്ങൾ വാങ്ങൽ

പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലും വകുപ്പിന്റെ അഞ്ച് ജില്ലാ ഓഫീസുകളിലും ആറ് മേഖലാ ഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ഇത്തരത്തിലുള്ള ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും ഡയറക്ടറേറ്റിലെ 4 വാഹനങ്ങൾക്കും പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് മേൽ ശീർഷകങ്ങളിലായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

2230 - തൊഴിലും തൊഴിൽ സൗകര്യങ്ങളും
2230-01-103-39- നോർക്ക വകുപ്പിന് കീഴിലുള്ള സാന്ത്വനപദ്ധതി (പദ്ധതി)

നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സാന്ത്വന പദ്ധതിയിൻ കീഴിൽ ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം എന്നിവ നൽകി വരുന്നതിനാൽ നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-47- നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾക്കും വിസ പരിശോധനയ്ക്കുമുള്ള ബോധവൽക്കരണ പരിപാടി (പ്ലാൻ)

വ്യാജ റിക്രൂട്ട്മെന്റ്, വിസാ തട്ടിപ്പ് എന്നിവയ്ക്കെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും, ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങളിൽ പരസ്യങ്ങൾ നല്കുന്നതിനും നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

3425 - മറ്റു ശാസ്ത്രീയ ഗവേഷണം
3425-60-200-71 - കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ - ധനസഹായം

കൗൺസിലിന്റെ കീഴിലുള്ള 8 ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 21,86,32,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

4859-02-800-97 - <u>സൈബർപാർക്ക് (പദ്ധതി)</u>

ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 1488 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4859-02-800-98- (03) - <u>ഇൻഫോ പാർക്ക് (പദ്ധതി)</u>

ഇൻഫോപാർക്ക് രണ്ടാം ഘട്ട കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിലേക്കായി 2730 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4859-02-800-98(04) - <u>ഇൻഫോപാർക്ക് രണ്ടാംഘട്ടം-നബാർഡ് ധനസഹായം (പദ്ധതി)</u>

നബാർഡ് RIDF പദ്ധതി പ്രകാരം ഇൻഫോപാർക്ക് രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 4121 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4859-02-190-93 - <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് (പദ്ധതി)</u>

ഐ.ഐ.ഐ.ടി.എം.കെ.യുടെ കാമ്പസ് നിർമ്മാണത്തിനായി നടപ്പ് ബജറ്റ് വിഹിതം കൂടാതെ 30 കോടി രൂപ കൂടി നിർമ്മാണ കമ്പനിക്ക് നൽകേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4859-02-800-91 - <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, വലവൂർ, കോട്ടയം (പദ്ധതി)</u>

കോട്ടയത്തെ വലവൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയ 5 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ അടിസ്ഥാന സൗകര്യ വികസനത്തിനും, ഭൂമി ഏറ്റെടുക്കുന്നതിനുമായി 2075 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4859-02-800-98-(01) - <u>ടെക്നോപാർക്ക് (പദ്ധതി)</u>

ടെക്നോപാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ടെക്നോപാർക്കിന്റെ വിവിധ വികസന പദ്ധതികൾക്കായി 27814 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4859-02-004-98 - <u>വിജ്ഞാന നഗരം (പദ്ധതി)</u>

തിരുവനന്തപുരത്ത് പള്ളിപ്പുറത്ത് നോളജ് സിറ്റിയുടെ സ്ഥലമെടുപ്പിന് വേണ്ടി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 31624 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം വൈകിട്ട് 3.30-ന് പിരിഞ്ഞു.

# വിഷയനിർണ്ണയ സമിതി XIV

## (ആഭ്യന്തരകാര്യങ്ങൾ)

2016 ആഗസ്റ്റ് 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായുള്ള രണ്ടാമത്തെ യോഗം 2016 ആഗസ്റ്റ് മാസം 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കു ശേഷം 3.00 മണിയ്ക്ക് സമിതി ചെയർമാനായ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ജെയിംസ് മാത്യു
2. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
3. ശ്രീ. സി. കെ. നാണു
4. ശ്രീ. ഉമ്മൻ ചാണ്ടി
5. ശ്രീ. എ. പ്രദീപ്കുമാർ
6. ശ്രീ. രാജു എബ്രഹാം
7. ശ്രീ. ആർ. രാമചന്ദ്രൻ
8. ശ്രീ. രമേശ് ചെന്നിത്തല

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. എ. രാജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരം & വിജിലൻസ് വകുപ്പ്
2. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ഗതാഗത (സിവിൽ ഏവിയേഷൻ) വകുപ്പ്
3. ശ്രീ. സത്യജിത് രാജൻ, പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
4. ശ്രീ. ടി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീ. ലോക് നാഥ് ബെഹ്റ, ഡി.ജി.പി/എസ്.പി.സി.
6. ഡോ. ജേക്കബ് തോമസ്, ഡയറക്ടർ, വിജിലൻസ് വകുപ്പ്
7. ശ്രീ. അനിൽ കാന്ത്, എ.ഡി.ജി.പി, ജയിൽ വകുപ്പ്
8. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
9. ശ്രീ. എച്ച്. ഗോപകുമാർ, ഐ.ജി., ജയിൽ വകുപ്പ്
10. ശ്രീ. എ. ഹേമചന്ദ്രൻ, ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ വകുപ്പ്
11. ശ്രീ. കെ. വി. മുരളീധരൻ, സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ
12. ശ്രീ. ജോർജ് മാത്യു, സെക്രട്ടറി, ഐ.എം.ജി.
13. ശ്രീമതി കെ. ശൈലജാദേവി, സ്പെഷ്യൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്
14. ശ്രീ. ടി. പി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
15. ശ്രീമതി എസ്. ദീപാദേവി, സ്പെഷ്യൽ സെക്രട്ടറി, ജി.എ.ഡി.
16. ശ്രീ. ഹാരിസൺ സേവ്യർ, അഡീഷണൽ സെക്രട്ടറി, ഇലക്ഷൻ വകുപ്പ്
17. ശ്രീമതി സാധന എസ്. നായർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
18. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള IV, XIV, XII, XIII, XVIII, XLI എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയശേഷം താഴെപ്പറയുന്ന ശിപാർശകൾ / നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന IV-തെരഞ്ഞെടുപ്പുകൾ

ഇലക്ഷൻ വകുപ്പ്

2015-00-103-99 - നിയമസഭയും പാർലമെന്റും

ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റം (Electoral Roll Management System)ത്തിനായി ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധിക ചെലവ് വേണ്ടിവരുമെന്നും ബൂത്ത് ലെവൽ ഓഫീസർമാർക്ക് ഫോം വെരിഫിക്കേഷൻ ഇനത്തിൽ നൽകേണ്ട പ്രതിഫലവും ട്രെയിനിംഗ് ക്ലാസ്സിൽ പങ്കെടുത്തതിന്റെ ബത്തയും നൽകേണ്ടതുണ്ടെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ 23,56,19,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2015-00-108-99 - സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള ചെലവ്

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തിവരുന്ന നാഷണൽ ഇലക്ടറൽ റോൾ പ്യൂരിഫിക്കേഷൻ പ്രോഗ്രാം (NERP) പ്രകാരം ഇലക്ടറൽ റോളിന്റെ ശുദ്ധീകരണ പ്രക്രിയയും 2016-17 വർഷത്തിൽ കളർ ഫോട്ടോ പതിച്ച പ്ലാസ്റ്റിക് ഇലക്ടറൽ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പ്രക്രിയയും നടന്നുവരികയാണെന്നു വിലയിരുത്തി. 7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2015-00-101-99 - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ
21-1 - മോട്ടോർ വാഹനങ്ങൾ വാങ്ങൽ

ഹൈക്കോടതി ജഡ്ജിയുടെ പദവിയുള്ള സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷണർക്ക് സംസ്ഥാനമൊട്ടാകെ സഞ്ചരിക്കേണ്ടതുണ്ടെന്നും നിലവിൽ ഉപയോഗിക്കുന്ന വാഹനം കാലപ്പഴക്കം ഉള്ളതാണെന്നും പരിഗണിച്ച് പുതിയ വാഹനം വാങ്ങുന്നതിന് 22 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്

2055-00-001-99-മേൽനോട്ടം

05- ഓഫീസ് ചെലവുകൾ - 4- മറ്റിനങ്ങൾ

പോലീസ് ആസ്ഥാനത്തേയും റേഞ്ച് ഐ.ജി. ഓഫീസുകളിലേയും വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതും മേൽ ശീർഷകത്തിൽ നിന്നായതിനാൽ 63,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

34 - മറ്റു ചെലവുകൾ -3- മറ്റിനം

പോലീസ് ആസ്ഥാനത്ത് സംഘടിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികൾക്കുള്ള ചെലവുകൾ, ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്കുള്ള ചെലവുകൾ എന്നിവയ്ക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-101-98-സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

1 - യാത്രാ ബത്ത

മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കേണ്ടതിനാലും ശമ്പള പരിഷ്കരണത്തിന്റെ അധിക വർദ്ധനവിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2055-00-101-99-(<u>കുറ്റാന്വേഷണ വിഭാഗം</u>)-34 <u>മറ്റു ചെലവുകൾ</u>

3 - <u>മറ്റിനം</u>

വിവിധ ഓഫീസ് ചെലവുകൾക്കും ക്രൈം കേസുമായി ബന്ധപ്പെട്ട് വിവിധ ടെസ്റ്റുകൾ നടത്തുന്നതിനും നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14,90,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-003-98-<u>കേരള പോലീസ് അക്കാഡമി</u>

12 - <u>സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

പോലീസ് സബ്ബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്), ആംഡ് പോലീസ് സബ്ബ് ഇൻസ്പെക്ടർ എന്നിവരുടെ പരിശീലനവുമായി ബന്ധപ്പെട്ട് പ്രതിമാസം സ്റ്റൈപന്റ് നൽകേണ്ടതുണ്ട് എന്നതും ഈ വർഷത്തെ ബഡ്ജറ്റ് തുകയിൽ 5 കോടി രൂപ ഇതുവരെ ചെലവായി കഴിഞ്ഞു എന്നതും മുൻകാലങ്ങളിൽ പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്നുകൊണ്ടിരുന്ന ട്രെയിനിംഗുകൾ ഇപ്പോൾ പോലീസ് അക്കാഡമിയിലാണ് നടക്കുന്നത് എന്നതും കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 1260 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

977/2017.

34 - 3-മറ്റിനം

പോലീസ് സേനയിലെ സിവിൽ പോലീസ് ഓഫീസർ, വനിതാ പോലീസ് ഓഫീസർ, ഡ്രൈവർ, ടെലികമ്മ്യൂണിക്കേഷൻ വിംഗ് എന്നീ തസ്തികകളുടെ പരിശീലനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഈ ശീർഷകത്തിൽ 16 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

05 - ഓഫീസ് ചെലവുകൾ -4 - മറ്റിനങ്ങൾ

കേരള പോലീസ് അക്കാഡമിയിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുമുള്ള ചെലവുകൾക്കുമായി ഈ ഇനത്തിൽ 16,60,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2055-00-104-99-(സായുധ പോലീസ്)
04 - യാത്ര ചെലവുകൾ -1 യാത്രാ ബത്ത

മുൻ വർഷത്തെ ടി. എ. ബില്ലുകൾ തീർപ്പാക്കാനായി അവശേഷിക്കുന്നതും ശമ്പള പരിഷ്കരണത്തിന്റെ ഫലമായുള്ള അധിക ചെലവ് കാരണവും ബഡ്ജറ്റ് വിഹിതം പര്യാപ്തമാകാതെ വരുമെന്നതിനാൽ 10 കോടി രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

05 - ഓഫീസ് ചെലവുകൾ -4 മറ്റിനങ്ങൾ

ബറ്റാലിയനിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിലേയ്ക്കായി തുകകൾ മാറ്റി വയ്ക്കുമ്പോൾ ഓഫീസ് ചെലവുകൾക്ക് ഫണ്ട് ലഭ്യമാകാതെ വരുന്നത് കാരണവും നിരവധി സ്ഥാപനങ്ങൾക്ക് ഓഫീസ് സാധനങ്ങൾ വാങ്ങിയ വകയിൽ തുക നൽകാനുള്ളതിനാലും 40 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

18 - സംരക്ഷണം

എം.എസ്.പി., എസ്.എ.പി., കെ.എ.പി2 എന്നീ ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി 280 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34 - മറ്റു ചെലവുകൾ-3 മറ്റിനങ്ങൾ

റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ 9 മാസത്തെ പരിശീലനത്തിന്റെ ഭാഗമായി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകളെല്ലാം തന്നെ നിർവ്വഹിക്കുന്നത് മേൽ ശീർഷകത്തിൽ നിന്നായതിനാൽ ബറ്റാലിയനുകളുടെ പരിശീലനപരിപാടികളുടെ സുഗമമായ നടത്തിപ്പിന് ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2055-00-104-98-(ഇന്ത്യ റിസർവ് ബറ്റാലിയൻ)

04 - യാത്രാ ചെലവുകൾ-1 യാത്രാബത്ത

ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടി വരുന്നത് പരിഗണിച്ച് ഈ ശീർഷകത്തിൽ 115 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21 - മോട്ടോർ വാഹനങ്ങൾ-2 സംരക്ഷണവും അറ്റകുറ്റപ്പണികളും

ഐ.ആർ ബറ്റാലിയന്റെ വാഹനങ്ങളുടേയും ആന്റി നക്സൽ ഓപ്പറേഷന് ഉപയോഗിക്കുന്ന വാഹനങ്ങളുടേയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന്

ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

45 - <u>പി.ഒ.എൽ</u>

ഐ.ആർ ബറ്റാലിയന്റെ വാഹനങ്ങളും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർ ബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെ ഇന്ധന ചെലവും നിർവ്വഹിക്കുന്നതിന് 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2055-00-109-99-(<u>ജില്ലാ സേന</u>)
05 - <u>ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ</u>

സംസ്ഥാനത്തെ 19 ജില്ലാ പോലീസ് യൂണിറ്റുകളിലെ ഓഫീസ് ചെലവുകൾക്ക് പുറമേ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനുള്ള തുകയും മേൽ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. ക്രമസമാധാന പാലനത്തിന് പ്രധാനമായും ജില്ലാ പോലീസ് യൂണിറ്റിലെ വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. പോലീസ് വകുപ്പിനായി വാങ്ങിയ 560 ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ ഭൂരിഭാഗവും ജില്ലാ പോലീസ് മേധാവികളുടെ നിയന്ത്രണത്തിലാണ് ഉള്ളതെന്നതിനാൽ ടി വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിനുള്ള ഫണ്ടും മേൽ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ മേൽ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

34 - <u>മറ്റു ചെലവുകൾ-3 മറ്റിനം</u>

ജില്ലാ പോലീസ് ഓഫീസുകളുടെ ദൈനംദിന ചെലവുകൾക്ക് പുറമേ കേരള ലെജിസ്ലേറ്റീവ് അസംബ്ലി ഇലക്ഷൻ, ശബരിമല തീർത്ഥാടന സമയത്തും മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ടും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നവർക്ക് പ്രതിഫലം, ഫീഡിംഗ് ചാർജ് എന്നിവ നൽകുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ

ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2055-00-112-98-തീരദേശ പോലീസ് സ്റ്റേഷനുകൾ
04 -യാത്രാ ചെലവുകൾ-1 യാത്രാ ബത്ത

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 34 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

21 - മോട്ടോർ വാഹനങ്ങൾ-2 സംരക്ഷണവും അറ്റകുറ്റപ്പണികളും

തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിട്ടുള്ള വാഹനങ്ങൾ, ബോട്ടുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 19,56,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2062-00-104-98- വിജിലൻസ് വകുപ്പിന്റെ നവീകരണം

വി.എ.സി.ബി ഡയറക്ടറേറ്റിൽ ഒരു നിലകൂടിപണിയുന്നതിനും പ്രവേശന കവാടം നിർമ്മിക്കുന്നതിനും 200 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2006-ൽ സ്ഥാപിച്ച സെർവർ ഉപയോഗിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വി.എ.സി.ബി. സ്യൂട്ട്, സെർവർ എന്നിവയുടെ നവീകരണത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമായി 12 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ഒരു കോടി രൂപയ്ക്ക് മുകളിലുള്ള അഴിമതികൾ തെളിവുസഹിതം വെളിച്ചത്ത് കൊണ്ടുവരുന്ന വ്യക്തിക്ക് 5 ലക്ഷം രൂപവീതം ഓരോ വർഷവും 25 പേർക്ക് മുഖ്യമന്ത്രിയുടെ വിസിൽ ബ്ലോവേഴ്സ് അവാർഡ് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ്

വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു ആയതിനാൽ 125 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അഴിമതി ഇല്ലാതാക്കുന്നതിനും സംസ്ഥാനത്തെ അഴിമതിമുക്തമാക്കുവാനും എറൈസിംഗ് കേരള എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് പദ്ധതി ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിജിലൻസിന്റെ ആധുനികവത്ക്കരണത്തിനും, പരിശീലനത്തിനുമായി വിജിലൻസ് റിസർച്ച് ആന്റ് ട്രെയിനിംഗ് ഡിവിഷൻ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2062-00-104- 99-<u>വിജിലൻസ്</u>
02 - <u>വേതനം</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04-4 <u>അവധി യാത്രാനുകൂല്യം</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-4 <u>മറ്റിനങ്ങൾ</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06- വാടക, കരം, നികുതി

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മലപ്പുറം, SIU I, SIU II, Spl.Cell Tvm, TSR, IDK, TVM, ALA, KKD, ALA, TSRY തുടങ്ങിയ ഓഫീസുകളിലെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04-2 സ്ഥലംമാറ്റബത്ത

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-96 - സ്പെഷ്യൽ ജഡ്ജി കൂടിയായ എൻക്വയറി കമ്മീഷണർ, തിരുവനന്തപുരം

04-4 - അവധി യാത്രാനുകൂല്യം

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ രണ്ട് ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-94 - എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

06-വാടക, കരം, നികുതി

ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക, മുൻ ജഡ്ജിയുടെ ഔദ്യോഗികവസതിയുടെ വാടക കുടിശ്ശിക എന്നീ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 9,50,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04-2-സ്ഥലംമാറ്റ ബത്ത

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 75,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-105-97- എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർ വൽക്കരണത്തിലേയ്ക്കായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2062-00- 105- -95-എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്

പുതിയ കാർ വാങ്ങുന്നതിനും സ്പെഷ്യൽ ജഡ്ജിയുടെ വീട്ടുവാടക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 10,75,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062 -00- 105-90-എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 27,60,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062 -00- 105-89-എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 94,35,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062 -00- 105-99-<u>വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം</u>

ഓഫീസ് കെട്ടിടവാടക, ക്വാർട്ടേഴ്സ് വാടക, പുതിയ ഫോട്ടോ കോപ്പിയർ വാങ്ങുക എന്നീ ആവശ്യങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 8,02,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

<u>കേരള ലോകായുക്ത</u>

2062-00-103-99-05-4 <u>മറ്റിനങ്ങൾ</u>

ഉപലോകായുക്തയുടെ ഔദ്യോഗിക വസതി നവീകരിച്ചതിനും ഹോം ഓഫീസ് ഉപകരണങ്ങൾ വാങ്ങിയതിനും ലോകായുക്ത കാര്യാലയത്തിൽ ലോകായുക്തയുടെയും ഉപലോകായുക്തമാരുടെയും ഓഫീസ് മുറികളിൽ സ്ഥാപിച്ചിരുന്ന ശീതീകരണ യന്ത്രങ്ങൾ മാറ്റിയതിനുമായി 7 ലക്ഷത്തിലധികം രൂപ നാളിതുവരെ ചെലവായിട്ടുണ്ടെന്നും കോടതിയുടെ ഡയസ് നവീകരിക്കുന്നതിന് 5 ലക്ഷം രൂപയും കമ്പ്യൂട്ടർ തകരാറുകൾ പരിഹരിക്കുന്നതിന് രണ്ട് ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി മനസിലാക്കുന്നു. ഈ ആവശ്യങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2062-00-103-99-06-<u>വാടക, കരം, നികുതി</u>

ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികളുടെ വാടകയിനത്തിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2062-00-103-99-21-1 വാഹനം വാങ്ങൽ

ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് പുതിയ വാഹനം വാങ്ങുന്നതിനും ഉപലോകായുക്തയ്ക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി 49 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2062-00-103-99-34 മറ്റു ചെലവുകൾ

കേരള ലോകായുക്ത സ്റ്റാന്റിംഗ് കൗൺസിലിന്റെ വേതനം, സർവ്വീസ് പോസ്റ്റേജ്, ബുക്ക് ബൈന്റിംഗ്, വിറ്റ്നസ്ബാറ്റ എന്നീയിനങ്ങളിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 2,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ

2056-00-101-99 - ജയിലുകൾ (നോൺ-പ്ലാൻ)

തടവുകാരുടെ വേതനം പരിഷ്കരിച്ചതും, തടവുകാരുടെ അടിയന്തര ചികിത്സാ ചെലവുകൾ, ബാറ്റ, മരുന്ന് എന്നിവയിലുണ്ടാകുന്ന വർദ്ധനവും കണക്കാക്കുമ്പോൾ, 34 അദർ ചാർജ്ജസ് എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്നു. തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്, ആഹാര സാധനങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധനവ്, തടവുകാരുടെ ആഹാരത്തിന്റെ മെനു കേരള പ്രിസൺസ് റൂൾ ചട്ടപ്രകാരം പരിഷ്കരിച്ചതുമൂലമുണ്ടായ അധിക ചെലവ് എന്നിവ കണക്കാക്കുമ്പോൾ '56 ഫീഡിംഗ് ആന്റ് ക്യാഷ്ഡോൾസ് ' എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്നു. തടവുകാരെ കോടതിയിലും ആശുപത്രിയിലും എത്തിക്കുന്നതിനുള്ള വാഹനങ്ങളുടെ ഇന്ധനചെലവിലുണ്ടായ വർദ്ധനവ് കണക്കാക്കുമ്പോൾ '45-പി.ഒ.എൽ.' എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്നു. ആയതിനാൽ ഈ ഇനങ്ങളിലായി 1200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2056-00-101-98 - <u>ജയിലുകൾ (പദ്ധതി)</u>

കോഴിക്കോട് ഉത്തരമേഖലാ ഡി.ഐ.ജി. ഓഫീസിന്റെ സ്ഥലപരിമിതി കണക്കിലെടുത്ത് കെട്ടിട നിർമ്മാണത്തിനായി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

2070 - <u>മറ്റു ഭരണപരമായ സർവ്വീസുകൾ</u>

2070-00-119-97-34 - <u>മറ്റു ചെലവുകൾ</u>

സംസ്ഥാന ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് 98 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2070-00-003-97(35,36) - <u>മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം -ശമ്പളേതരം</u>

പുതുതായി നിർമ്മിച്ച ബാർട്ടൺ ഹില്ലിലെ ഐ.എം.ജി. എക്സിക്യൂട്ടീവ് ഹോസ്റ്റൽ, ഐ.എം.ജി. കൊച്ചിയുടെ ഹോസ്റ്റൽ ബിൽഡിംഗ് നവീകരണം, കമ്പ്യൂട്ടർ ലാബുകളുടെ നവീകരണം, ട്രെയിനിങ് പ്രവർത്തനങ്ങൾക്കായി പുതിയ സജ്ജീകരണങ്ങൾ, അന്ധരും ബധിരരുമായ ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനം, ബെസ്റ്റ് പ്രാക്ടീസസിന്റെ രേഖീകരണം തുടങ്ങിയ ആവശ്യങ്ങൾക്ക് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 671 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2070-00-003-97-31 - <u>സഹായധനം-ശമ്പളം</u>

ശമ്പളവും മറ്റ് ആനുകൂല്യങ്ങളും,വെൽഫെയർ ഫണ്ട് സ്വരൂപിക്കൽ,പെൻഷൻ തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ

ഈ ശീർഷകത്തിൽ 9,12,59,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2070-00-119-98 - ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
21 - മോട്ടോർ വാഹനങ്ങൾ

കാലഹരണപ്പെട്ട വാഹനം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ലേലം ചെയ്തിട്ടുള്ളതാണെന്നും പെട്രോൾ അലവൻസ്, മെയിന്റനൻസ് ചാർജ്ജ് എന്നിവ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടെന്നും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 9,49,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108 - ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ്
99 - ഭരണവും നടത്തിപ്പും
34-3 - മറ്റിനങ്ങൾ

രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗങ്ങൾക്ക് കഴിഞ്ഞ കുറേ വർഷങ്ങളായി യൂണിഫോം സാധനങ്ങൾ വാങ്ങുന്നതിന് ഫണ്ടിന്റെ അപര്യാപ്തതമൂലം കഴിയുന്നില്ലെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9,77,20,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1 - വാഹനം വാങ്ങൽ

രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 5 മേഖലാ ഓഫീസർമാർക്ക് വാഹനങ്ങളും 2 ഡയറക്ടർമാർക്ക് സ്റ്റാഫ് കാറും വാങ്ങുന്നതിനും ജീപ്പുകളും ആംബുലൻസുകളും എല്ലാ അഗ്നിരക്ഷാ നിലയങ്ങൾക്കും നൽകുന്നതിനുമായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-98 - <u>പ്രതിരോധവും നിയന്ത്രണവും</u>

04 -<u>യാത്രാചെലവുകൾ</u> - 1 - <u>യാത്രാബത്ത</u>

ശബരിമല തീർത്ഥാടന സമയത്ത് ജീവനക്കാരെ അഗ്നിസുരക്ഷാ പ്രവർത്തനത്തിനായി നിയോഗിക്കുമ്പോൾ അവർക്ക് യാത്രാചെലവുകൾ നൽകേണ്ടതുണ്ടെന്നും ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ടൂർ ടി എ ഇനത്തിൽ തുകകൾ കുടിശ്ശിക കൊടുത്ത് തീർക്കേണ്ടതുണ്ടെന്നും കണക്കിലെടുത്ത് 75 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05 - <u>ഓഫീസ് ചെലവുകൾ</u>

1 - <u>വെള്ളക്കരം</u>

അഗ്നിശമന രക്ഷാപ്രവർത്തന ജോലിയുടെ പ്രാധാന്യം കണക്കിലെടുത്ത് വാട്ടർ ചാർജിനത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

17 - <u>ചെറുകിട മരാമത്ത് പണികൾ</u> 18 - <u>സംരക്ഷണം</u>

ആറ്റിങ്ങൽ നിലയത്തോടനുബന്ധിച്ച് ഒരു സ്റ്റോർ റൂം, ബാത്ത് റൂം എന്നിവ നിർമ്മിക്കുന്നതിന് 14,00,000 രൂപയുടെ ഭരണാനുമതി ലഭ്യമായെന്നും ചെറുകിട മരാമത്ത് പണികൾ നിർവ്വഹിക്കുന്നതിനുള്ള കണക്ക് ശീർഷകത്തിൽ മതിയായ ഫണ്ടില്ലെന്നും ആസ്ഥാന ഓഫീസിൽ നവീകരണ പണികൾ നടക്കുകയാണെന്നും കണക്കിലെടുത്ത് 17-ചെറുകിട പണികൾ, 18-സംരക്ഷണം എന്നീ ശീർഷകങ്ങളിൽ 25 ലക്ഷം രൂപ വീതം അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-97 - <u>പരിശീലനം</u>

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ നവീകരണത്തിനായി

2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 100 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34- മറ്റു ചെലവുകൾ - 3 - മറ്റിനം

വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, ട്രെയിനിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും, അദ്ധ്യാപകർക്ക് പ്രതിഫലം നൽകുന്നതിനുമായി 25 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

04 - യാത്രാചെലവുകൾ
05 - ഓഫീസ് ചെലവുകൾ
21 - മോട്ടോർ വാഹനങ്ങൾ

അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയുടെ സുഗമമായ പ്രവർത്തിനത്തിനായി 04-യാത്രാ ചെലവുകൾ എന്നയിനത്തിൽ 2 ലക്ഷം രൂപയും, 05-ഓഫീസ് ചെലവുകൾ എന്നയിനത്തിൽ 1,50,000 രൂപയും, 21-മോട്ടോർ വാഹനങ്ങൾ എന്നയിനത്തിൽ 2,50,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-96 - മറ്റു ചെലവുകൾ

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നീ ചെലവുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3,40,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2070-00-108-94 - <u>അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം</u>

ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 21,93,15,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-92 - <u>അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ (75% സെൻട്രലി സ്പോൺസേർഡ് സ്കീം)</u>

2011-12 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 316 ലക്ഷം രൂപ അനുവദിച്ചതിൽ 52,32,503 രൂപ ചെലവാക്കിയതായും 2012-13 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 2,63,67,000 രൂപ ഭരണപരമായ കാലതാമസംമൂലം ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു എങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ നടന്നുകൊണ്ടിരിയ്ക്കുന്നത് പരിഗണിച്ച് 2,63,67,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2070-00-108-91 - <u>അഗ്നിശമനസേനാ വകുപ്പിലുള്ള ആസ്തി പരിപാലനം - ആസ്തി പരിപാലന ഫണ്ടിൽ നിന്നുള്ള ചെലവുകൾ</u>

അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും, വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, വസ്തുവകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും, അഗ്നിശമന സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2070-00-108-90 - <u>ആധുനിക ജീവൻരക്ഷാ സാമഗ്രികൾ, അഗ്നിപ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)</u>

കഴിഞ്ഞ വർഷം വകയിരുത്തിയ 9 കോടി 24 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2070-00-107-99 - ഹോംഗാർഡ്സ്

ഹോംഗാർഡ്സുമാരുടെ ഇപ്പോഴത്തെ ദിവസവേതനം 500 രൂപയാണെന്നും നിലവിൽ വകയിരുത്തിയ തുക കൊണ്ട് ഈ സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്നും സമിതി മനസിലാക്കുന്നു. ആകയാൽ ഈ സാമ്പത്തിക വർഷം 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

3053- സിവിൽ ഏവിയേഷൻ

3053-02-190-99-കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റിയുടെ ദൈനംദിന ചിലവുകൾക്കായി 5 ലക്ഷം രൂപയും കെൽട്രോണിന് നൽകേണ്ട തുകയും ഉൾപ്പെടെ ആകെ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

5053- സിവിൽ ഏവിയേഷനുള്ള മൂലധനചെലവ്

5053-02-190-97- കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 10,01,89,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

5053-02-190-93 - കോഴിക്കോട് വിമാനത്താവള വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ

അടിയന്തരമായി സ്ഥലം ഏറ്റെടുക്കാൻ സർക്കാർ ഉത്തരവ് നൽകിയ 137 ഏക്കർ ഭൂമി ഉടനടി ഏറ്റെടുക്കേണ്ടതുണ്ടെന്നും റൺവേയുടെ വീതിക്കുറവ്മൂലം എയർപോർട്ടിന്റെ ലൈസൻസ് തന്നെ റദ്ദാക്കപ്പെടാവുന്ന അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും സമിതി വിലയിരുത്തി. ആയതിനാൽ റൺവേ വികസനത്തിന് ആവശ്യമായ സ്ഥലം അടിയന്തരമായി ഏറ്റെടുക്കുന്നതിനും 3 വില്ലേജുകളിലായി ഏകദേശം 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും നഷ്ട പരിഹാരത്തുക നൽകുന്നതിനും കുടിയൊഴിപ്പിക്കുന്നവർക്ക് വേണ്ടിയുള്ള പുനരധിവാസ പാക്കേജ് അടക്കമുള്ള പ്രവർത്തനങ്ങൾക്കുമായി 500 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

7053 - <u>സിവിൽ ഏവിയേഷനുള്ള വായ്പകൾ</u>

7053-02-190-99 - <u>തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ</u>

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായുള്ള തുക 7053-02-190-99 എന്ന ശീർഷകത്തിൽ വായ്പയായാണ് അനുവദിച്ചുവരുന്നതെന്ന് സമിതി മനസിലാക്കുന്നു. 20.08.2014 ലെ GO(Rt.) 363/14/Triads നമ്പർ ഭരണാനുമതി ഉത്തരവ് പ്രകാരം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 18.53 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുത്ത് നൽകുന്നതിനും വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിവിധ എൽ.എ.ആർ കേസുകളിൽ കോടതി വിധിപ്രകാരമുള്ള അധിക തുക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 205 കോടി രൂപ 7053-02-190-99 Loans to TRIADS എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2016 സംബന്ധിച്ച എസ്.ആർ.ഒ. 107/2016 സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കുവാൻ തീരുമാനിച്ചു

യോഗം വൈകിട്ട് 3.45-ന് പിരിഞ്ഞു.

977/2017.

## വിഷയനിർണ്ണയ സമിതി XIV
## (ആഭ്യന്തര കാര്യങ്ങൾ)

2016 ആഗസ്റ്റ് 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതി 2016 ആഗസ്റ്റ് 19-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് സമിതി ചെയർമാനായ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു.

1. ശ്രീ. ജെയിംസ് മാത്യു
2. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
3. ശ്രീ. സി.കെ. നാണു
4. ശ്രീ. ഉമ്മൻ ചാണ്ടി
5. ശ്രീ. എ. പ്രദീപ്കുമാർ
6. ശ്രീ. രമേശ് ചെന്നിത്തല.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ഷാജഹാൻ. ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ.എ. രാജു, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി.എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

സമിതി 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് 5053-02-190-93 എന്ന ശീർഷകത്തിൽ വകപ്പ് ആവശ്യപ്പെട്ടിരുന്ന തുക (146,28,72,70,000/-) മുഴുവനും നടപ്പുവർഷം ആവശ്യമായി വരില്ലെന്ന് വിലയിരുത്തിയ സമിതി ടി ശീർഷകത്തിൽ 500 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

കോഴിക്കോട് വിമാനത്താവള വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കലിന് 146,28,72,70,000 രൂപ അധികമായി ആവശ്യപ്പെടാനുള്ള കാരണം വ്യക്തമാക്കി വിശദീകരണം നൽകാൻ ഗതാഗത വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

2016-ലെ ദി കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് സംബന്ധിച്ച വിജ്ഞാപനത്തിന്റെ (എസ്.ആർ.ഒ. നം.107/2016)പരിഗണന മാറ്റിവയ്ക്കുവാൻ സമിതി തീരുമാനിച്ചു

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 3 മണിക്ക് പിരിഞ്ഞു.

# സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തര കാര്യങ്ങൾ)

2016 സെപ്റ്റംബർ 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2016 സെപ്റ്റംബർ മാസം 9-ാം തീയതി, വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ജെയിംസ് മാത്യു
2. ശ്രീ. കെ.എം. മാണി
3. ശ്രീ. സി.കെ.നാണു
4. ശ്രീ. ഉമ്മൻ ചാണ്ടി
5. ശ്രീ. എ. പ്രദീപ്കുമാർ
6. ശ്രീ. രാജു എബ്രഹാം
7. ശ്രീ. ആർ. രാമചന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു. കെ.എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി.എസ്. സുരേഷ്കുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി നളിനി നെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരം & വിജിലൻസ് വകുപ്പ്
2. ശ്രീ. ജി. കമൽ വി.റാവു, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്

3. ഡോ. ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതുഭരണം, നോർക്ക & വിവരപൊതുജന സമ്പർക്ക വകുപ്പ്
4. ശ്രീ.കെ.ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്
5. ശ്രീ. ബി.ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. ഹാരിസൺ സേവ്യർ, അഡീഷണൽ സെക്രട്ടറി, ഇലക്ഷൻ വകുപ്പ്
8. ശ്രീമതി ടി. എ. അൽഫോൻസ, അഡീഷണൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്
9. ശ്രീ. ആർ. പ്രഫുല്ല വിക്രമൻ, അഡീഷണൽ സെക്രട്ടറി, വിവരസാങ്കേതികവിദ്യാ വകുപ്പ്
10. ശ്രീമതി എൽ. സിന്ധു, അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

I. <u>കരട് ചട്ടങ്ങളുടെ പരിഗണന :</u>

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ചുവടെ ചേർത്ത പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**ആഭ്യന്തര വകുപ്പ്**

1. ദി കേരള കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2016

(ഫയൽ നം.2062/സബ്.സി.ഡി2/2016/നി.സെ.)

കരട് ചട്ടത്തിൽ ഇനിയും ചില മാറ്റങ്ങൾ ആവശ്യമായിട്ടുണ്ടെന്ന് ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു കരട് ചട്ടത്തിൽ ധാരാളം തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെന്നും നിയമവകുപ്പ് പരിശോധിച്ച് നൽകിയ കരട് ചട്ടത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും നിയമവകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു തെറ്റുകൾ തിരുത്തി നിയമവകുപ്പിന്റെ അംഗീകാരത്തോടെ ചട്ടങ്ങൾ പുറപ്പെടുവിക്കാമെന്ന് ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ചട്ടങ്ങൾ തയ്യാറാക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും, പ്രസ്തുത ചട്ടം നിയമവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കാനും സമിതി നിർദ്ദേശിച്ചു നിയമവകുപ്പ് വരുത്തുന്ന ഭേദഗതികൾക്ക് വിധേയമായി കരട് ചട്ടം സമിതി അംഗീകരിച്ചു

2. 2016-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ചട്ടങ്ങൾ

(ഫയൽ നം.2104/സബ്.സി.ഡി2/2016/നി.സെ.)

പ്രസ്തുത ചട്ടം ചുവടെ ചേർത്ത ഭേദഗതികളോടെ സമിതി അംഗീകരിച്ചു

(1) ചട്ടത്തിന്റെ പീഠികയ്ക്കു ശേഷം 'ചട്ടങ്ങൾ' എന്ന ശീർഷകം ചേർക്കേണ്ടതാണ്.

(2) പ്രത്യേക കോടതി എന്ന് ആക്ടിൽ തന്നെ പറഞ്ഞിട്ടുള്ളതുകൊണ്ട് പ്രത്യേക കോടതിയെ നിർവചിച്ചുകൊണ്ടുള്ള 2(1)(സി) വകുപ്പ് ചട്ടത്തിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

(3) ചട്ടം 3 (2)-ലും 3 (3)-ലും "1-ാം ഉപചട്ട പ്രകാരമുള്ള ഉത്തരവ്" എന്നത് "(1)-ാം ഉപചട്ട പ്രകാരമുള്ള ഉത്തരവ്" എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

## ധനകാര്യ വകുപ്പ്

3. ദി കേരള സർവ്വീസ് (................അമെന്റ്മെന്റ്) റൂൾസ്, 2016

(റൂൾ 3&റൂൾ 5A, പാർട്ട് III, KSR-ലെ ഭേദഗതി)

(ഫയൽ നമ്പർ 2652/സബ്.സി.ഡി2/2016/നി.സെ)

ചട്ടം 1(2)-ൽ "be deemed to have" എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതാണ് എന്ന ഭേദഗതിയോടെ കരട് ചട്ടം സമിതി അംഗീകരിച്ചു

## നിയമ വകുപ്പ്

4. 2016-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ

(ചട്ടം 15 എ -ലെ ഭേദഗതി)

(ഫയൽ നം.2480/സബ്.സി.ഡി2/2016/നിസെ)

ചട്ടം 2-ൽ 750 എന്നത് 1500 എന്ന ഭേദഗതിയോടെ സമിതി കരട് ചട്ടം അംഗീകരിച്ചു.

II. താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

## ധനകാര്യ വകുപ്പ്

1. ദി കേരള സർവ്വീസ് (................അമെന്റ്മെന്റ്) റൂൾസ്, 2016

   (റൂൾ 100, പാർട്ട് I, KSR-ലെ ഭേദഗതി)

   (ഫയൽ നം.2430/സബ്.സി.ഡി2/2016/നി.സെ.)

2. ദി കേരള സർവ്വീസ് (.............അമെന്റ്മെന്റ്) റൂൾസ്, 2016

   (KSR Part I-റൂൾ 100-ലെ ഭേദഗതി)

   (ഫയൽ നം.3234/സബ്.സി.ഡി2/2016/നി.സെ)

## പാർലമെന്ററികാര്യ വകുപ്പ്

3. ദി മെഡിക്കൽ അറ്റൻഡന്റ്സ് റ്റു ദി എക്സ്-മെമ്പേഴ്സ് ഓഫ് ദി ലെജിസ്ലേറ്റീവ് അസംബ്ലി (ഫസ്റ്റ് അമെന്റ്മെന്റ്) റൂൾസ്, 2016.

   (റൂൾ 2-ലെ ഭേദഗതി)

   (ഫയൽ നം.1294/സബ്.സി.ഡി2/2016/നിസെ)

4. ദി മെഡിക്കൽ അറ്റൻഡന്റ്സ് റ്റു ദി എക്സ്-മെമ്പേഴ്സ് ഓഫ് ദി ലെജിസ്ലേറ്റീവ് അസംബ്ലി (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2016.

   (റൂൾ 2-ലെ ഭേദഗതി)

   (ഫയൽ നം.1294/സബ്.സി.ഡി2/2016/നിസെ)

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

5. ദി കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) അമെന്റ്മെന്റ് റൂൾസ്, 2016.

   (ചട്ടം 18-ലെ ഭേദഗതി)

   (ഫയൽ നം.3093/സബ്.സി.ഡി2/2016/നി.സെ.)

6. ദി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് (...........അമെന്റ്മെന്റ്) റൂൾസ്, 2016. [ലിസ്റ്റ് I (SC ലിസ്റ്റ്), ലിസ്റ്റ് III (OBC ലിസ്റ്റ്) എന്നിവയിൽ ഭേദഗതി]

(ഫയൽ നം.3612/സബ്.സി.ഡി2/2016/നി.സെ.)

7. ദി കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) അമെന്റ്മെന്റ് റൂൾസ്, 2016.

[റൂൾ 15-ൽ സബ് റൂൾ (14)-ലെ ഭേദഗതി]

(ഫയൽ നം.3863/സബ്.സി.ഡി2/2016/നി.സെ.)

III. <u>സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ വിജ്ഞാപനം ചെയ്ത ചുവടെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ സമിതി പരിഗണിക്കുകയും അതതിന് ചുവടെ ചേർത്ത തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.</u>

## ആഭ്യന്തര വകുപ്പ്

1. മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ചട്ടങ്ങൾ, 2015

(എസ്.ആർ.ഒ. നമ്പർ 768/2015)

(ഫയൽ നം.803/സബ്.സി.ഡി2/2016/നി.സെ.)

11.11.2015-ലെ SRO No. 768/2015-ൽ പറഞ്ഞിരിക്കുന്നത് ആക്റ്റിന് വിരുദ്ധമായ കാര്യങ്ങളാണെന്ന് സമിതി വിലയിരുത്തി. ചട്ടത്തിൽ ഹൈക്കോടതി ചൂണ്ടിക്കാണിച്ചതുൾപ്പെടെ ധാരാളം അപാകതകളുണ്ടെന്ന് നിയമവകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ആയതിനാൽ വിശദമായി പരിശോധിച്ച് തീരുമാനം എടുക്കുന്നതിനായി വിജ്ഞാപനത്തിന്റെ പരിഗണന സമിതി മാറ്റി വച്ചു

## വിജിലൻസ് വകുപ്പ്

2. ദി സ്പെഷ്യൽ റൂൾസ് ഫോർ ദി സബോർഡിനേറ്റ് സർവ്വീസ് ഇൻ ദി യൂണിറ്റ് കംപ്രൈസിംഗ് ദി ഓഫീസസ് ഓഫ് ദി എൻക്വയറി കമ്മീഷണർ ആന്റ്

സ്പെഷ്യൽ ജഡ്ജസ് ആന്റ് വിജിലൻസ് ട്രൈബ്യൂണൽസ്, (അമെന്റ്മെന്റ്) 2015. (എസ്.ആർ.ഒ. നം. 90/2016)

(ഫയൽ നം. 1644/സബ്.സി.ഡി2/2016/നി.സെ.)

വിജ്ഞാപനം സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു

IV. <u>സമിതി ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.</u>

(i) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നം.3442/സബ്.സി.ഡി2/2015/നി.സെ.)

ഖണ്ഡിക-77 മുതൽ 89 വരെ - ആഭ്യന്തര വകുപ്പ്

(സർക്കാർ കത്ത് നം.59148/എഫ്2/15/ആഭ്യന്തരം തീയതി 19.2.2016)

ഖണ്ഡിക 7 - പാർലമെന്ററികാര്യ വകുപ്പ്

(സർക്കാർ കത്ത് നം.1543/എ 2/2015/പാകവ തീയതി 24.2.2016)

ഖണ്ഡിക 35, 36 - ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

(സർക്കാർ കത്ത് നം.15008/എ.ആർ12(2)/2015/ഉഭപവ-തീയതി 15.03.2016 & 23.4.2016)

ഖണ്ഡിക 105 മുതൽ 113 വരെ - പ്രവാസി കേരളീയകാര്യ വകുപ്പ്

(സർക്കാർ കത്ത് നം.5010/ബി1/2015/നോർക്ക-തീയതി 13.4.2016)

ഖണ്ഡിക 30, 31 - നിയമ വകുപ്പ്

(സർക്കാർ കത്ത് നം. 13697/എച്ച്1/2016/നിയമം-തീയതി 12.7.2016)

ഖണ്ഡിക 43 മുതൽ 46 വരെ - ഇലക്ഷൻ വകുപ്പ്

(സർക്കാർ കത്ത് നം.2449/ഇ.എ 1/2015/ഇലക്- തീയതി 11.7.2016)

ഖണ്ഡിക-94 മുതൽ 104 വരെ - വിവരപൊതുജന സമ്പർക്ക വകുപ്പ്

(സർക്കാർ കത്ത് നം.15061/ബി2/2016/ഐ &പി.ആർ-തീയതി, 15.7.2016)

ഖണ്ഡിക-52 മുതൽ 65 വരെ - വിജിലൻസ് വകുപ്പ്

(സർക്കാർ കത്ത് നം.8538/സി3/2015/വിജി. തീയതി, 30.7.2016)

ഖണ്ഡിക-23 മുതൽ 25 വരെ - ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്

(സർക്കാർ കത്ത് നം.ഐ.ടി.സി1/84/2015 തീയതി 24.6.2016.)

V. സമിതിയുടെ 01.04.2015 മുതൽ 31.03.2016 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.15-ന് പിരിഞ്ഞു.

## സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തര കാര്യങ്ങൾ)

03-11-2016-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2016 നവംബർ മാസം 03-ാം തീയതി, വ്യാഴാഴ്ച സഭ പിരിഞ്ഞതിനു ശേഷം വൈകുന്നേരം 5 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V- ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ.പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ പ്രത്യേക ക്ഷണിതാവും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ.കെ.ബാലനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ജെയിംസ് മാത്യു
2. ശ്രീ. എ. പ്രദീപ്കുമാർ
3. ശ്രീ. ആർ. രാമചന്ദ്രൻ
4. ശ്രീ. രമേശ് ചെന്നിത്തല
5. ശ്രീ. സി. കെ. നാണു
6. ശ്രീ. രാജു എബ്രഹാം.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി.എസ്. സുരേഷ്കുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. ഉഷാ ടൈറ്റസ്, സെക്രട്ടറി, പൊതുഭരണം, നോർക്ക & വിവര പൊതുജന സമ്പർക്ക വകുപ്പ്
2. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, വിവരസാങ്കേതിക വിദ്യാ വകുപ്പ്
3. ശ്രീ. ബി.ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. എസ്. കാളിരാജ് മഹേഷ്കുമാർ, എസ്.പി. (HQ)
5. ശ്രീമതി എൻ.എൽ. കല, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. ജി. മോഹനൻ പിള്ള, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. എൽ.എ. ഗ്രിഗോറിയസ്, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
8. ശ്രീ. ഋഷികേശ് നായർ, സി.ഇ.ഒ., ടെക്നോപാർക്ക്
9. ശ്രീ. ആർ. അജിത് കുമാർ, സി.ഇ.ഒ., സൈബർ പാർക്ക്
10. ഡോ. എം.എസ്. ജയശ്രീ, ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്, കേരള.

I. സമിതി, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു

Clause 3

In Section 9 of the Kerala Advocates' Welfare Fund Act, 1980 (21 of 1980) proposed to be inserted by clause 3 of the Bill, in sub-section (2), after clause (gh), the following clause shall be inserted, namely:-

"(gi) to provide stipend to advocates who have less than three years standing at the bar, who have not attained the age of thirty years and who have an annual income of less than rupees 1,00,000 (rupees one lakh); at the rate determined by the Trustee Committee from time to time, and approved by the Government.".

Clause 4

In Section 15 of the Kerala Advocates' Welfare Fund Act, 1980 (21 of 1980) proposed to be inserted by clause 4 of the Bill, after sub-section (1D), the following sub-section shall be inserted, namely:-

"(1E) An Advocate who has not joined the Fund may apply to the Trustee Committee for admission as a member of the Fund in such form, as may be prescribed, on payment of the annual subscription payable corresponding to the period of practice at the time of such admission multiplied by his actual years of practice together with a fine of rupees 2,000 for every completed year of actual practice:

Provided that such member shall not be eligible to claim any amount from the Fund on voluntary cessation of practice within a period of ten years from the date of such admission to the Fund.";

സമിതി അംഗമായ ബഹു. പ്രതിപക്ഷ നേതാവ് ശ്രീ.രമേശ് ചെന്നിത്തല പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിനോട് വിയോജിച്ചു

II. സമിതി, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. സമിതി അംഗമായ ബഹു. പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിനോട് വിയോജിച്ചു

III. സമിതി ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(i) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നം.3442/സബ്. സി.ഡി.2/2015/നി.സെ.)

ഖണ്ഡിക നമ്പർ 49 മുതൽ 51 വരെ - ആഭ്യന്തര വകുപ്പ്.

(ii) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്:

(ഫയൽ നം.3164/സബ്. സി.ഡി.2/2015/നി.സെ.)

ഖണ്ഡിക നമ്പർ 2 മുതൽ 6 വരെ - പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ്

IV. സബ്ജക്റ്റ് കമ്മിറ്റി IV കൈകാര്യം ചെയ്തിരുന്ന 'വിവരസാങ്കേതിക വിദ്യ', സബ്ജക്റ്റ് കമ്മിറ്റി V കൈകാര്യം ചെയ്തിരുന്ന 'വ്യോമഗതാഗതം' എന്നീ വിഷയങ്ങൾ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ സബ്ജക്റ്റ് കമ്മിറ്റി IV-ന്റെയും സബ്ജക്റ്റ് കമ്മിറ്റി V-ന്റെയും താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(i) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്:

(ഫയൽ നം.3101/സബ്. സി.ഡി.2/2016/നി.സെ.)

ഖണ്ഡിക നമ്പർ 36 മുതൽ 41 വരെ - ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.

(ii) 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്:

(ഫയൽ നം.3101/സബ്. സി.ഡി.2/2016/നി.സെ.)

ഖണ്ഡിക നമ്പർ 67, 73, 74, 75, 77, 78 - ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.

(iii) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം, അക്ഷയ പദ്ധതി എന്നിവ സംബന്ധിച്ച റിപ്പോർട്ട്:

(ഫയൽ നം.3101/സബ്. സി.ഡി.2/2016/നി.സെ.)

ഖണ്ഡിക നമ്പർ 1 മുതൽ 9 വരെ - ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.

(iv) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്:

(ഫയൽ നം.3404/സബ്. സി.ഡി.2/2016/നി.സെ.)

ഖണ്ഡിക നമ്പർ 96, 106, 107, 115 - ഗതാഗത വകുപ്പ്.

V. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും, കരട് റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം ലഭിച്ച പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 49 മുതൽ 51 വരെയുള്ള ശിപാർശകളിന്മേലും, 07.07.2016-ലെ ബുള്ളറ്റിൻ - ഭാഗം-2 നം.25 പ്രകാരം സബ്ജക്ട് കമ്മിറ്റി IV -ൽ നിന്ന് (2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 5-ാമത് റിപ്പോർട്ടിലെ) സബ്ജക്ട് കമ്മിറ്റി XIV-ലേക്ക് കൈമാറി ലഭിച്ച വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട ഖണ്ഡിക 36 മുതൽ 41 വരെയുള്ള ശിപാർശകളിന്മേലും, സബ്ജക്ട് കമ്മിറ്റി V-ൽ നിന്ന് (2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 5-ാമത് റിപ്പോർട്ടിലെ) സബ്ജക്ട് കമ്മിറ്റി XIV-ലേക്ക് കൈമാറി ലഭിച്ച വ്യോമഗതാഗതവുമായി ബന്ധപ്പെട്ട ഖണ്ഡിക 96, 106, 107, 115 എന്നീ നമ്പർ വരെയുള്ള ശിപാർശകളിന്മേലും സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ കൂടി കരട് റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം വൈകുന്നേരം 5.15-ന് പിരിഞ്ഞു.

# സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തര കാര്യങ്ങൾ)

### 6.02.2017-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2017 ഫെബ്രുവരി മാസം 6-ാം തീയതി, തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
2. ശ്രീ. സി. കെ. നാണു
3. ശ്രീ. രാജു എബ്രഹാം
4. ശ്രീ. ആർ. രാമചന്ദ്രൻ
5. ശ്രീ. രമേശ് ചെന്നിത്തല.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി ഷീല തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.
2. ശ്രീ. ടി. ആർ. മീണ, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്.

3. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, പൊതുഭരണ (സൈനിക് വെൽഫെയർ) വകുപ്പ്, പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പ്.
4. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. സത്യജിത് രാജൻ, പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
6. ശ്രീ. മിൻഹാജ് ആലം, സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്) വകുപ്പ്.
7. ശ്രീ. ടി. വി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി & ഡയറക്ടർ, പ്രിന്റിംഗ് വകുപ്പ്.
8. ശ്രീ. കൃഷ്ണ ശർമ്മ. പി., അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

I. കരട് ചട്ടങ്ങളുടെ പരിഗണന

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

**ഉന്നത വിദ്യാഭ്യാസ വകുപ്പ്**

1. 2016-ലെ കേരള ഗവൺമെന്റ് പ്രസ്സസ് സ്റ്റേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്

(ഫയൽ നം.4515/സബ്.സി.ഡി2/2016/നിസെ.)

പ്രസ്തുത കരട്ചട്ടം താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ സമിതി അംഗീകരിച്ചു :

(i) കരട് ചട്ടത്തിന്റെ ചുരുക്കപ്പേരിനൊപ്പം ചേർത്തിട്ടുള്ള വർഷം '2016' എന്നത് '2017' എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

(ii) ചട്ടം 4(b)-യിലെ കാറ്റഗറി 4-ലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്) തസ്തികയിലേക്ക് 'Direct Recruitment' മുഖേനയുള്ള നിയമനത്തിന് നിലവിൽ പറഞ്ഞിരിക്കുന്ന പ്രായപരിധിയായ "19-35 candidates must have completed 19 years and must not have completed 35 years" എന്നത് "19-36 candidates must have completed 19 years and must not have completed 36 years" എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

**ധനകാര്യ വകുപ്പ്**

2. ദി കേരള സർവ്വീസ് റൂൾസ് (എസ്.ആർ.ഒ. നം.4/2015, 5/2015, 400/2015, 540/2015, 874/2015 എന്നിവയുടെ തിരുത്തൽ വിജ്ഞാപനങ്ങൾ)

(ഫയൽ നം. 4202/സബ്.സി.ഡി12/2016/നിസെ.)

എല്ലാ കരട് തിരുത്തൽ വിജ്ഞാപനങ്ങളും സമിതി അംഗീകരിച്ചു

3. ദി കേരള സർവ്വീസ് (.......അമെന്റ്മെന്റ്) റൂൾസ്, 2016.

[റൂൾ 53(b)(1), Part I-ലെ ഭേദഗതി]

(ഫയൽ നം.5299/സബ്.സി.ഡി12/2016/നിസെ.)

കരട് ചട്ടം 1(1)-ൽ ചേർത്തിട്ടുള്ള വർഷം '2016' എന്നത് '2017' എന്ന് ഭേദഗതി വരുത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ചട്ടം അംഗീകരിച്ചു

4. ദി കേരള സർവ്വീസ് (......അമെന്റ്മെന്റ്) റൂൾസ്, 2016

[റൂൾ 90A, 93, 103 of Part I & Appendix VII-ലെ ഭേദഗതി]

(ഫയൽ നം.5310/സബ്.സി.ഡി12/2016/നിസെ.)

കരട് ചട്ടം 1(1)-ൽ ചേർത്തിട്ടുള്ള വർഷം '2016' എന്നത് '2017' എന്ന് ഭേദഗതി വരുത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ചട്ടം അംഗീകരിച്ചു

5. ദി കേരള സർവ്വീസ് (........അമെന്റ്മെന്റ്) റൂൾസ്, 2016

[റൂൾ 90(6)-ൽ നോട്ട് 5-ലെ ഭേദഗതി]

(ഫയൽ നം.5536/സബ്.സി.ഡി12/2016/നിസെ.)

കരട് ചട്ടം 1(1)-ൽ ചേർത്തിട്ടുള്ള വർഷം '2016' എന്നത് '2017' എന്ന് ഭേദഗതി വരുത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ചട്ടം അംഗീകരിച്ചു

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്**

6. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ (ഭേദഗതി) ചട്ടങ്ങൾ, 2016.

[ചട്ടം 93 - ലെ ഭേദഗതി]

(ഫയൽ നം. 5381/സബ്.സി.ഡി12/2016/നിസെ.)

കരട് ചട്ടം 1(1)-ൽ ചേർത്തിട്ടുള്ള വർഷം '2016' എന്നത് '2017' എന്ന് ഭേദഗതി വരുത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ചട്ടം അംഗീകരിച്ചു

II. സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ വിജ്ഞാപനം ചെയ്തു ചുവടെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ സമിതി പരിഗണിക്കുകയും അതതിന് ചുവടെ ചേർത്തിട്ടുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

**പൊതുഭരണ (സർവ്വീസസ്-എ) വകുപ്പ്**

1. ദി കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2016.

(എസ്.ആർ.ഒ. നം. 107/2016)

(ഫയൽ നം. 1584/സബ്.സി.ഡി2/2016/നിസെ.)

വിജ്ഞാപനം സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു

**ഉന്നത വിദ്യാഭ്യാസ വകുപ്പ്**

2. ദി കേരള ഗവൺമെന്റ് പ്രസ്സസ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2016

(എസ്.ആർ.ഒ. നം. 616/2016)

(ഫയൽ നം. 5718/സബ്.സി.ഡി2/2013/നിസെ.)

കേരള ഗവൺമെന്റ് പ്രസ്സസ്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട 5323-ാം നമ്പർ നിയമസഭാ ചോദ്യത്തിന് ബഹു. മുഖ്യമന്ത്രി 31.10.2016-ന് നൽകിയ ഉത്തരത്തിൽ, വിശേഷാൽ ചട്ടത്തിൽ സംഭവിച്ച തെറ്റുകൾ, വിട്ടുകളയൽ തുടങ്ങിയവ സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിരുന്നുവെങ്കിലും, അത്തരം പ്രകാരമുള്ള യാതൊരു മാറ്റവും വരുത്താതെയാണ് വിശേഷാൽ ചട്ടം സാധൂകരണത്തിനായി ലഭ്യമാക്കിയിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു

വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷമാണ് പരാതികൾ ലഭിച്ചതെന്നും പ്രസ്തുത പരാതികൾ പരിശോധിച്ചു വരികയാണെന്നും 28.09.2016-ന് മുമ്പ് വിജ്ഞാപനം

പുറപ്പെടുവിക്കാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതിൻ പ്രകാരമാണ് അടിയന്തരമായി വിശേഷാൽ ചട്ടം പ്രസിദ്ധീകരിക്കേണ്ടി വന്നതെന്നും ഇതിൽ ധാരാളം തെറ്റുകളും വിട്ടുകളയലും സംഭവിച്ചിട്ടുണ്ടെന്നും പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സമിതിയുടെ സാധൂകരണം ലഭ്യമായാൽ മാത്രമേ തുടർ ഭേദഗതികൾ കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു

ബ്രാഞ്ച് VI റീഡിംഗ് സെക്ഷനിലെ കാറ്റഗറി നമ്പർ 4 ആയ റീഡർ ഗ്രേഡ് II ന്റെ ഫീഡർ കാറ്റഗറിയായ കോപ്പി ഹോൾഡർ തസ്തികയിലുള്ളവരെ കരട് ചട്ടത്തിലുണ്ടായിരുന്ന വിധത്തിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം സമിതി ആരാഞ്ഞു.

ലെറ്റർ പ്രസ്സുമായി ബന്ധപ്പെട്ട് ജോലി ചെയ്തിരുന്നവർക്ക് പുതിയ മെഷീനറികളൊന്നും പ്രവർത്തിപ്പിക്കുവാനുള്ള കഴിവില്ലാത്തതിനാൽ അവർക്ക് പരിശീലനം നൽകി ഓഫ്സെറ്റ് സ്റ്റാഫിന്റെ കാറ്റഗറിയിലേക്ക് കൊണ്ടുവരാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണെന്നും കോപ്പിഹോൾഡർ തസ്തികയിലുള്ളവരെ കരട് ചട്ടത്തിലുണ്ടായിരുന്ന രീതിയിൽ ഉൾപ്പെടുത്തണമെന്ന സമിതി നിർദ്ദേശം പരിശോധിക്കാമെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

ലെറ്റർ പ്രസ്സ്-ഓഫ്സെറ്റ് വിഭാഗങ്ങളിലെ (ബ്രാഞ്ച് VII & ബ്രാഞ്ച് XVI) സമാന തസ്തികകൾ പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ എന്ന പേരിൽ പുനർനാമകരണം ചെയ്യുന്നത് സംബന്ധിച്ചും, ഒരേ ശമ്പള സ്കെയിലിലുള്ളവർക്ക് സർവ്വീസ് സീനിയോറിറ്റി കണക്കാക്കി സ്ഥാനക്കയറ്റം നൽകുന്നതു സംബന്ധിച്ചുമുള്ള ആവശ്യങ്ങളെക്കുറിച്ചും സമിതി ആരാഞ്ഞു.

സമാന തസ്തികകൾ പുനർനാമകരണം ചെയ്യുന്നത് പരിശോധിക്കാമെന്നും, നോൺ ഗസറ്റഡ് സൂപ്പർവൈസറി തസ്തികകളിൽ നിലവിലുണ്ടായിരുന്ന 1:1 റേഷ്യോ പ്രൊമോഷൻ നിലനിർത്തണമെന്ന് ബഹു. ഹൈക്കോടതിയും സുപ്രീം കോടതിയും നിർദ്ദേശിച്ചിരുന്നുവെങ്കിലും, ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വീസ് സംഘടനകളുടെ യോഗ തീരുമാന പ്രകാരമാണ് സീനിയോറിറ്റി മാനദണ്ഡമാക്കി വിശേഷാൽ ചട്ടം ഉണ്ടാക്കിയിരിക്കുന്നതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു

കരട് ചട്ടത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകണമെന്ന 2009-ലെ ഹൈക്കോടതി വിധി പ്രകാരം കുറെ കേസുകളിൽ 1:1 അനുപാതം പാലിക്കുകയും, മറ്റ് ചില കേസുകളിൽ സീനിയോറിറ്റി മാനദണ്ഡമാക്കുകയും ചെയ്തതായും പ്രസ്തുത നടപടികൾക്ക് സാധുത നൽകുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശ പ്രകാരം ചട്ടം 10 കൂട്ടിച്ചേർത്തിട്ടുള്ളതായും ഇനിയുള്ള സ്ഥാനക്കയറ്റങ്ങൾ സീനിയോറിറ്റി മാനദണ്ഡമാക്കി ചട്ടം 11(a) പ്രകാരം നടത്തുന്നതാണെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

മെഷീൻ വിഭാഗത്തിലെ (ബ്രാഞ്ച് VII) കാറ്റഗറി 3-ലെ അസിസ്റ്റന്റ് ഫോർമാൻ തസ്തികയുടെ ഫീഡർ കാറ്റഗറിയായ പ്രിന്റർ സീനിയർ ഗ്രേഡ് തസ്തികയ്ക്കൊപ്പം സമാന ശമ്പള സ്കെയിലുള്ള ഓഫ്സെറ്റ് പ്രിന്റിംഗ് വിഭാഗത്തിലെ (ബ്രാഞ്ച് XVI) ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I -നെയും കൂടി വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്താത്തതിന് കാരണമെന്തെന്ന് സമിതി ആരാഞ്ഞു. അത്തരത്തിലുള്ള വിട്ടുകളയൽ സംഭവിച്ചിട്ടുണ്ടെന്നും ടി കാറ്റഗറിയെക്കൂടി വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തുന്നതാണെന്നും പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

മെഷീൻ വിഭാഗത്തിലെ (ബ്രാഞ്ച് VII) കാറ്റഗറി 5-ലെ പ്രിന്റർ ഗ്രേഡ് I തസ്തികയിലേക്കുള്ള നിയമന രീതിയിൽ 'By transfer' എന്നാണ് കരട് ചട്ടത്തിൽ നിഷ്കർഷിച്ചിരുന്നതെന്നും, പകരം സമാന സ്കെയിലുള്ള ഓഫ്സെറ്റ് പ്രിന്റിംഗ് വിഭാഗത്തിലെ (ബ്രാഞ്ച് XVI) ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് I-ൽ നിന്നുള്ള പ്രൊമോഷൻ എന്നാണ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തിയതെന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു.

സമിതി ചൂണ്ടിക്കാട്ടിയ തെറ്റുകൾ പരിഹരിച്ചും, വിട്ടുകളയലുകൾ ഉൾപ്പെടുത്തിക്കൊണ്ടും ഭേദഗതി ചട്ടം കൊണ്ടുവരുന്നതാണെന്ന് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

സമിതി പ്രകടിപ്പിച്ച അഭിപ്രായങ്ങൾ യോഗനടപടിക്കുറിപ്പിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ വിജ്ഞാപനത്തിന് സമിതി സാധൂകരണം നൽകി.

**നിയമ വകുപ്പ്**

3. <u>2016-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ</u>

(എസ്.ആർ.ഒ നം.585/2016)

(ഫയൽ നം. 2480/സബ്.സി.ഡി.2/2016/നി.സെ.)

സമിതി കരട് ചട്ടം അംഗീകരിക്കുന്നതിന് മുമ്പേ എസ്.ആർ.ഒ വിജ്ഞാപനം പുറപ്പെടുവിച്ച നടപടി സമിതിയോടുള്ള അവഹേളനമാണെന്നും മേലിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു തുടർന്ന് വിജ്ഞാപനം സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു

4. <u>2016-ലെ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി (ഭേദഗതി) ചട്ടങ്ങൾ</u>

(എസ്.ആർ.ഒ നം.601/2016)

(ഫയൽ നം.5392/സബ്.സി.ഡി.2/2016/നി.സെ.)

വിജ്ഞാപനം സമിതി പരിഗണിക്കുകയും സാധൂകരണം നൽകുകയും ചെയ്തു.

III. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 121-ാം നമ്പർ ശിപാർശയിന്മേൽ ധനകാര്യ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു

സമിതി യോഗം വൈകുന്നേരം 3.30 -ന് പിരിഞ്ഞു.

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തരകാര്യങ്ങൾ)

## 13-3-2017 ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2017 മാർച്ച് മാസം 13-ാം തീയതി, തിങ്കളാഴ്ച ഉച്ചയ്ക്ക് സഭ പിരിഞ്ഞതിനുശേഷം 2.45 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 'V-D' സമ്മേളന ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാവായി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. സി. കെ. നാണു
2. ശ്രീ. ഉമ്മൻചാണ്ടി
3. ശ്രീ. രാജു എബ്രഹാം
4. ശ്രീ. ആർ. രാമചന്ദ്രൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു. കെ. എ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീമതി ഷീല തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.
2. ശ്രീമതി കല, എൻ. എൽ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി ബി. ആർ. യമുന, അഡീഷണൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്.

സമിതി, 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ)

## 21.03.2017-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV 2017 മാർച്ച് 21-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക്ശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. എം. മാണി
2. ശ്രീ. സി. കെ. നാണു
3. ശ്രീ. എ. പ്രദീപ് കുമാർ
4. ശ്രീ. രാജു എബ്രഹാം
5. ശ്രീ. ആർ. രാമചന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ

1. ശ്രീ. വി. എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി,
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

2. ശ്രീമതി. ഷീല തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി,
പൊതുഭരണ വകുപ്പ് (ഐ & പി.ആർ.ഡി., നോർക്ക റൂട്ട്സ്)

3. ശ്രീ. സത്യജിത് രാജൻ, പ്രിൻസിപ്പൽ സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

4. ഡോ. സുരേഷ് ദാസ്, എക്സ്-ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി,
ശാസ്ത്രസാങ്കേതിക വകുപ്പ്.

5. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി,
വിവരസാങ്കേതിക വിദ്യ വകുപ്പ്.

6. ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി,
പാർലമെന്ററികാര്യ വകുപ്പ്.

7. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി,
നിയമവകുപ്പ്.

8. ശ്രീമതി. സുമന. എൻ. മേനോൻ, സെക്രട്ടറി,
പൊതുഭരണ (സൈനിക ക്ഷേമം) & അച്ചടിയും സ്റ്റേഷനറിയും വകുപ്പ്.

9. ശ്രീ. കെ. എൻ. രാഘവൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
നോർക്ക റൂട്ട്സ്.

10. ശ്രീ. ടി. പി. ബാബു, അഡീഷണൽ സെക്രട്ടറി,
ഭരണപരിഷ്കാര കമ്മീഷൻ.

11. ശ്രീമതി. സാധന എസ്. നായർ, അഡീഷണൽ സെക്രട്ടറി,
ധനകാര്യ വകുപ്പ്.

12. ശ്രീ. ടി. വി. വിജയകുമാർ, ഡയറക്ടർ,
അച്ചടി വകുപ്പ്.

13. ശ്രീ. എൻ. വിജയകുമാർ, അഡീഷണൽ സെക്രട്ടറി,
സംസ്ഥാന വിവരാവകാശ കമ്മീഷൻ.

14. ശ്രീമതി. എസ്. ജയലക്ഷ്മി, അഡീഷണൽ സെക്രട്ടറി,
സംസ്ഥാന വിവരാവകാശ കമ്മീഷൻ.

15. ശ്രീ. വി. വിലാസചന്ദ്രൻ, ജോയിന്റ് സെക്രട്ടറി,
ആഭ്യന്തര വകുപ്പ്.

16. ശ്രീ. സാജു ജോർജ്ജ്, സെക്രട്ടറി,
പബ്ലിക് സർവ്വീസ് കമ്മിഷൻ.

17) ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി,
ധനകാര്യ വകുപ്പ്.

സമിതി, 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ II (സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ), III (നീതിന്യായ നിർവ്വഹണം), XIV (സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും), XVII (വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം), XXIII (വാർത്താ വിതരണവും പ്രചരണവും), XXIV (തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും), XXXVII (വ്യവസായങ്ങൾ) എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെ പറയുന്ന തീരുമാനങ്ങൾ/ശിപാർശകൾ കൈക്കൊള്ളുകയും ചെയ്തു:

## ധനാഭ്യർത്ഥന - II

2052-00-092-88- കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

നടപ്പ് സാമ്പത്തിക വർഷം വിവരാവകാശ കമ്മീഷന് ടെലഫോൺ ചെലവ്, വിവരസാങ്കേതികവിദ്യ എന്നീയിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 05-3-ടെലഫോൺ ചെലവ് എന്ന ഇനത്തിൽ 1 ലക്ഷം രൂപയും 99-വിവരസാങ്കേതികവിദ്യ എന്ന ഇനത്തിൽ 49,99,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തിരുമാനിച്ചു.

2051- പബ്ലിക് സർവ്വീസ് കമ്മീഷൻ

2051-00-102-99-പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ തുക പരിശോധിച്ച സമിതി കമ്മീഷന്റെ ഓഫീസുകളുടെയും ചെയർമാന്റെ ഔദ്യോഗിക വസതിയുടെയും വാടക, പി.എസ്.സി. ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവുകൾ, കമ്മീഷന്റെ ഓഫീസുകളിൽ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതായ ചെറുകിട മരാമത്ത് പണികൾ, ഓഫീസ് ഉപകരണങ്ങളുടെ സംരക്ഷണം, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് വിലയിരുത്തുകയും 06-വാടക, കരം, നികുതി എന്ന ഇനത്തിൽ 27 ലക്ഷം രൂപയും, 07-പ്രസിദ്ധീകരണങ്ങൾ എന്നയിനത്തിൽ 62 ലക്ഷം രൂപയും, 17-ചെറുകിട മരാമത്തു പണികൾ എന്നയിനത്തിൽ 2 കോടി രൂപയും, 18-സംരക്ഷണം എന്നയിനത്തിൽ 50 ലക്ഷം രൂപയും, 21-മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 5,80,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തിരുമാനിച്ചു

വിവിധ തസ്തികകളിലായി 60 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകൾ, ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തികവർഷം നടത്തേണ്ടതുള്ളതിനാൽ '28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ഇനത്തിൽ 10 കോടി രൂപയും '34-മറ്റുചെലവുകൾ' എന്ന ഇനത്തിൽ 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2052-00-092-93-<u>കേരള ഹൗസ്, ന്യൂഡൽഹി</u>

കേരള ഹൗസ്, ന്യൂഡൽഹിക്കായി അധിക തുക ആവശ്യപ്പെട്ടിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി, കേരള ഹൗസിന്റെ സൗകര്യ വർദ്ധനയും കാര്യപ്രാപ്തി വർദ്ധിപ്പിക്കലും സർക്കാർ തന്നെ ചെയ്യേണ്ട കാര്യങ്ങളാണെന്നും എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ആസ്ഥാനമായി അത് മാറേണ്ടതുണ്ടെന്നും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെടേണ്ട അവസരങ്ങളിൽ റസിഡന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ കാര്യങ്ങൾ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നും നിർദ്ദേശിച്ചു

2052-00-090-73-<u>പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട്</u>

ഓരോ നിയോജക മണ്ഡലത്തിലേയും 5 സ്കൂളുകളിൽ വീതം മതേതര ജനാധിപത്യത്തെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി പാർലമെന്ററികാര്യ വകുപ്പിന് കീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് 1,43,50,000/- രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2013-00-101-99-01-4-<u>മന്ത്രിമാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

മന്ത്രിമാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

3451-00-092-95-34, 3451-00-092-97, 3451-00-101-98 എന്നീ ശീർഷകങ്ങളിൽ അധിക തുക ആവശ്യമില്ലെന്ന് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

2052-00-090-66- <u>സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ ഹൗസ് ട്രെയിനിംഗ്</u>

നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 7,80,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

3451-00-101-69 - <u>സംസ്ഥാന പരിശീലനനയം - പരിശീലന പരിപാടി (പദ്ധതി)</u>

സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി 2017-18 വർഷത്തിൽ ആകെ 18 ദിവസം വീതം ദൈർഘ്യമുള്ള 15 പരിശീലന പരിപാടികൾ ഇൻഡക്ഷൻ പരിശീലനത്തിന്റെ കീഴിൽ നടത്തുവാൻ ഉദ്ദേശിക്കുന്നതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 19,08,50,000/- രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-090-91 - <u>സർക്കാർ സർവ്വീസിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള പൊതുഫണ്ട് (പദ്ധതി)</u>

സർവ്വീസിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള പൂൾഡ് ഫണ്ട് (പ്ലാൻ) എന്ന ശീർഷത്തിൽ ആരംഭിച്ചിട്ടുള്ള ഫണ്ടിൽ നിലവിൽ തുകയൊന്നും

വകയിരുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി വകുപ്പുകൾക്ക് പരിശീലന സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യവും ഒരുക്കുന്നതിന് വിവിധ വകുപ്പുകളുടെ പരിശീലന സ്ഥാപനങ്ങൾക്കായി 7 കോടി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

## ധനാഭ്യർത്ഥന - XIV

2070-00-003-97 - <u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്</u>

35 - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36 - സഹായധനം -ശമ്പളേതരം (പദ്ധതി)

ഐ.എം.ജി. തിരുവനന്തപുരത്തും, കൊച്ചിയിലും, കോഴിക്കോട്ടുമുള്ള മേഖലാ കേന്ദ്രങ്ങളിൽ ഹോസ്റ്റൽ സൗകര്യം വിപുലപ്പെടുത്തുക, ക്ലാസ് റൂം സൗകര്യവും, പരിശീലന ഉപകരണങ്ങളും മെച്ചപ്പെടുത്തുകയും വാങ്ങുകയും ചെയ്യുക, പുതിയ കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുക എന്നീ ആവശ്യങ്ങൾക്ക് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 22,98,85,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2070-00-003-97-31 - <u>സഹായധനം-ശമ്പളം</u>

ശമ്പളവും മറ്റ് ആനുകൂല്യങ്ങളായ ഇ.പി.എഫ്, ഗ്രാറ്റുവിറ്റി, ചികിത്സാ ചെലവ്, യാത്രാബത്ത, പേ റിവിഷൻ കുടിശ്ശിക തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9,93,35,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2014-00-116-99 - <u>കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി</u>

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി താഴെപ്പറയും പ്രകാരം അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു:

| | | |
|---|---|---|
| 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 2,87,000 രൂപ |
| 04-1-യാത്രാബത്ത | - | 3,00,000 രൂപ |
| 05-3-ടെലഫോൺ ചെലവ് | - | 2,00,000 രൂപ |
| 05-4- മറ്റിനങ്ങൾ | - | 1,85,000 രൂപ |

2014-00-102-99 – <u>ഹൈക്കോടതി</u>

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടതിനാൽ താഴെപ്പറയും പ്രകാരം അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

| | | |
|---|---|---|
| 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 26,90,000 രൂപ |
| 04-1-യാത്രാബത്ത | - | 14,08,000 രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ - വാങ്ങൽ | - | 1,95,99,000 രൂപ |

3451-00-101, 3451-00-102 എന്നീ ശീർഷകങ്ങളിൽ അധിക തുക ആവശ്യമില്ലെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2052-00-090-95 - നിയമവകുപ്പ്

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി താഴെപ്പറയും പ്രകാരം അധിക തുക അനുവദിക്കുവാൻ ശിപാർശ ചെയ്തു.

| | | | |
|---|---|---|---|
| 01 | - ശമ്പളം | - | 70,00,000 രൂപ |
| 04-1 - | യാത്രാബത്ത | - | 1,24,000 രൂപ |
| 04-2 - | സ്ഥലംമാറ്റ ബത്ത | - | 40,000 രൂപ |
| 04-4 - | അവധി യാത്രാനുകൂല്യം | - | 2,00,000 രൂപ |
| 05-3 - | ടെലഫോൺ ചെലവ് | - | 47,000 രൂപ |
| 21-1 - | വാഹനം വാങ്ങൽ | - | 8,00,000 രൂപ |
| 21-2 - | മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 70,000 രൂപ |
| 45 - | പി.ഒ.എൽ | - | 61,000/- രൂപ |

കേരളത്തിൽ മാത്രമാണ് ജഡ്ജിമാർ വാടക വീടുകളിൽ കഴിയുന്നതെന്നും അത് തെറ്റായ സ്വാധീനത്തിന് വഴിവെക്കുമെന്ന ആക്ഷേപത്തിനിടയാക്കുമെന്നും സമിതി നിരീക്ഷിച്ചു. ജഡ്ജിമാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള ആദ്യപടിയായി സ്ഥലം കണ്ടെത്താൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുവാനും, തുടർ വർഷങ്ങളിൽ കെട്ടിടനിർമ്മാണത്തിനുള്ള തുക വകയിരുത്തുവാനും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിൽ നിലവിൽ ജഡ്ജിയില്ലെന്നും ആയതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണെന്നും വിലയിരുത്തിയ സമിതി, ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചു

2014-00-114 (അഡ്വക്കേറ്റ് ജനറൽ ഓഫീസ്), 2014-00-800-94 (കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട്) എന്നീ ശീർഷകങ്ങളിൽ അധിക തുക ആവശ്യപ്പെടുന്നില്ലെന്ന് നിയമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു 2014-00-800-91 എന്ന ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടില്ല.

2014-00-114-93 - കേരള സംസ്ഥാന നിയമ സഹായ സമിതി

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി താഴെപ്പറയും പ്രകാരം അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | | |
|---|---|---|---|
| 01-4 - | മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 2,00,000 രൂപ |
| 04-1 - | യാത്രാബത്ത | - | 2,20,000 രൂപ |
| 04-02 - | സ്ഥലംമാറ്റബത്ത | - | 88,000 രൂപ |
| 05-3 - | ടെലഫോൺ ചെലവ് | - | 3,00,000 രൂപ |
| 05-4 - | മറ്റിനങ്ങൾ | - | 2,00,000 രൂപ |
| 06 - | വാടക, കരം, നികുതി | - | 8,17,000 രൂപ |
| 21 - | മോട്ടോർ വാഹനങ്ങൾ | - | 1,12,00,000 രൂപ |
| 21-1 - | മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1,87,000 രൂപ |
| 34 - | മറ്റ് ചെലവുകൾ | - | 7,00,00,000 രൂപ |

2014-00-114-98 ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

28 - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലം, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള

ദിവസ വേതനം, ഇന്ധനച്ചെലവ് എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2070-00-119-98 - ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടതിനാൽ താഴെപ്പറയും പ്രകാരം അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

| | | |
|---|---|---|
| 04-യാത്രാചെലവുകൾ | - | 3,50,000 രൂപ |
| 05-ഓഫീസ് ചെലവുകൾ | - | 1,75,000 രൂപ |
| 06-വാടക, കരം, നികുതി | - | 5,00,000 രൂപ |
| 21-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 8,00,000 രൂപ |
| 26-ഔദ്യോഗികഭാഷാ പ്രയോഗം | - | 9,000 രൂപ |
| 45-പി.ഒ.എൽ. | - | 59,000 രൂപ |

2220- വാർത്താവിതരണവും പ്രചരണവും

2220-60-101-97- പരസ്യത്തിനുള്ള ചെലവുകൾ

01- അച്ചടി മാധ്യമം

വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നും പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2220-01-001-98-21-1- മോട്ടോർ വാഹനങ്ങൾ വാങ്ങൽ

2220-01-001-99-21-1- മോട്ടോർ വാഹനങ്ങൾ വാങ്ങൽ

പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലും വകുപ്പിന്റെ അഞ്ച് ജില്ലാ ഓഫീസുകളിലും ആറ് മേഖലാ ഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടതിനാൽ ഇത്തരത്തിലുള്ള ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും ഡയറക്ടറേറ്റിലെ 1 വാഹനത്തിനും പകരമായി പുതിയവ വാങ്ങുന്നതിന് മേൽ ശീർഷകങ്ങളിലായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2230 - തൊഴിലും തൊഴിൽ സൗകര്യങ്ങളും

2230-01-103-28- പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ

കമ്മീഷനിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്കും പുതിയതായി നിയമിക്കുന്ന ഉദ്യോഗസ്ഥർക്കും ശമ്പളം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 90 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2058 - സ്റ്റേഷനറിയും അച്ചടിയും

2058-00-001-99- നടത്തിപ്പ്

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടതിനാൽ താഴെപ്പറയും പ്രകാരം അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

| | | |
|---|---|---|
| 04-യാത്രാചെലവുകൾ | - | 6,25,000 രൂപ |
| 05-ഓഫീസ് ചെലവുകൾ | - | 4,50,000 രൂപ |

| | | |
|---|---|---|
| 26-ഔദ്യോഗികഭാഷാ പ്രയോഗം | - | 5,000 രൂപ |
| 21-1-വാഹനം വാങ്ങൽ | - | 10,00,000 രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1,62,000 രൂപ |
| 45-പി.ഒ.എൽ. | - | 2,93,000 രൂപ |
| 99-വിവരസാങ്കേതിക വിദ്യ | - | 19,99,000 രൂപ |

2058-00-101-99- സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ 18-സംരക്ഷണം എന്നയിനത്തിൽ 5,50,000 രൂപയും 19-യന്ത്രോപകരണങ്ങൾ എന്നയിനത്തിൽ 17,00,000 രൂപയും 24-സാധനസാമഗ്രികൾ എന്നയിനത്തിൽ 24,00,00,000 രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2058-00-103-99- ഗവൺമെന്റ് പ്രസ്സുകൾ

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടതിനാൽ താഴെപ്പറയും പ്രകാരം അധിക തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

| | | |
|---|---|---|
| 01-6-ഓവർ ടൈം അലവൻസ് | - | 5,00,00,000 രൂപ |
| 05-4-മറ്റിനങ്ങൾ | - | 15,00,000 രൂപ |
| 02-വേതനം | - | 15,00,000 രൂപ |
| 18-സംരക്ഷണം | - | 60,00,000 രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 60,00,000 രൂപ |
| 24-സാധനസാമഗ്രികൾ | - | 1,50,00,000 രൂപ |

4058 - സ്റ്റേഷനറിയും അച്ചടിയും ഇവയുള്ള മൂലധനചെലവ്

4058-00-800-97-യൂണിറ്റ് ആഫീസുകളുടെ നിർമ്മാണം/സ്ഥലംവാങ്ങൽ (പദ്ധതി)

സ്റ്റേഷനറി ആസ്ഥാന കാര്യാലയത്തിൽ നിലവിലുള്ള ഗോഡൗണിന്റെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 28,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

3451 - സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ
3451-00-090-97 - നിയമ ഓഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ (പദ്ധതി)

ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3451-00-101-87 (01) - വിവരസാങ്കേതികത്വ സർവ്വീസ് സൊസൈറ്റി (പദ്ധതി)

സംസ്ഥാനത്തിന്റെ ഐ.ടി. നയം വിഭാവനം ചെയ്യുന്ന പ്രകാരം പദ്ധതികൾ (ഇ-ഓഫീസ് പദ്ധതി, പബ്ലിക് വൈ-ഫൈ പദ്ധതി, ഡിജിറ്റൽ എംപവർമെന്റ് പദ്ധതി) ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 21,52,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

3451-00-101-62 - നാഷണൽ ഇ-ഗവേണൻസ് ആക്ഷൻ പ്ലാൻ (പദ്ധതി)

കോമൺ സർവ്വീസ് സെന്റർ പദ്ധതിയുടെ നടത്തിപ്പിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4,85,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

4859 – ടെലികമ്മ്യൂണിക്കേഷൻ ഇലക്ട്രോണിക്സ് വ്യവസായങ്ങൾക്കുള്ള മൂലധനച്ചെലവ്

4859-02-004-95- വിവരസാങ്കേതികവിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും (പദ്ധതി)

ടെക്നോപാർക്കിന്റെ സ്ഥലമെടുപ്പിനും വികസനത്തിനും വേണ്ടി ഈ ശീർഷകത്തിൽ 13,59,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-004-96 - സൈബർപാർക്ക് (പദ്ധതി)

2017-18 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് സൈബർ പാർക്കിന്റെ ആദ്യഘട്ട സ്പിൽ ഓവർ വർക്കുകളും രണ്ടാംഘട്ട (ഫേസ് II) വികസന പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5,37,86,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

4859-02-004-94- ഇൻഫോപാർക്കുകൾ (പദ്ധതി)

ഇൻഫോപാർക്ക് രണ്ടാംഘട്ട വികസനവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുത്ത നടപടികളുമായി ബന്ധപ്പെട്ട കേസുകളുടെ തീർപ്പുകൾക്കായി ഈ ശീർഷകത്തിൽ 51,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4859-02-190-93 - ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് (പദ്ധതി)

രണ്ടാം ഘട്ട നിർമ്മാണം ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

3425 - മറ്റു ശാസ്ത്രീയ ഗവേഷണം

3425-60-200-71- <u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ- ധനസഹായം</u>

കൗൺസിലിന്റെ കീഴിലുള്ള 8 ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ശാസ്ത്രജ്ഞരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും, ശമ്പളപരിഷ്കരണ കുടിശ്ശികയും നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചിലവുകൾ വഹിക്കുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 14,47,12,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

3425-60-200-71- <u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ- (പദ്ധതി)</u>

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും, കൗൺസിലിനു കീഴിലെ ഗവേഷണ സ്ഥാപനങ്ങൾക്കായും, കൗൺസിൽ നേരിട്ട് നടത്തുന്ന പരിപാടികൾക്കായും 1,32,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2017 ഏപ്രിൽ 6-ാം തീയതി ചേരുവാൻ നിശ്ചയിച്ചിരുന്ന യോഗം ഏപ്രിൽ 11-ാം തീയതിയിലേക്ക് മാറ്റുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.45-ന് അവസാനിച്ചു.

# സബ്ജക്റ്റ് കമ്മിറ്റി XIV

## (ആഭ്യന്തരകാര്യങ്ങൾ)

28.03.2017 -ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV, 2017 മാർച്ച് 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. രാജു എബ്രഹാം
2. ശ്രീ. ആർ. രാമചന്ദ്രൻ
3. ശ്രീ. രമേശ് ചെന്നിത്തല

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എസ്. ബിജു., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി നളിനിനെറ്റോ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര (വിജിലൻസ്) വകുപ്പ്.
2. ശ്രീമതി ഷീല തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.
3. ശ്രീ. ടി. കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
4. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗതം, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്
5. ശ്രീ. ലോക് നാഥ് ബെഹ്റ, ഡി. ജി.പി.

6. ശ്രീമതി സാധന എസ്. നായർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. ഹാരിസൺ സേവ്യർ, അഡീഷണൽ സെക്രട്ടറി, ഇലക്ഷൻ വകുപ്പ്
8. ശ്രീ. ജേക്കബ് തോമസ്, ഡയറക്ടർ, വിജിലൻസ്.
9. ശ്രീ. എ. ഹേമചന്ദ്രൻ, ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ സർവ്വീസസ്
10. ശ്രീമതി ആർ. ശ്രീലേഖ, ഡയറക്ടർ ജനറൽ, ജയിൽ വകുപ്പ്.
11. ശ്രീ. അനിൽകാന്ത്, എ.ഡി.ജി.പി., പോലീസ് ഹെഡ്ക്വോർട്ടേഴ്സ്.
12. ശ്രീ. എസ്. ജയശങ്കർ പ്രസാദ്, ഡെപ്യൂട്ടി കളക്ടർ,(എൽ. എ. എയർപോർട്ട്), കരിപ്പൂർ
13. ശ്രീ. കെ. വി. മുരളീധരൻ, സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ
14. ശ്രീ. മാത്യൂസ് കെ. നെല്ലുവേലി, ജോയിന്റ് രജിസ്ട്രാർ, ഹൈക്കോടതി
15. ശ്രീ. എസ്. ജയകൃഷ്ണൻ, സി.എഫ്.ഒ., കണ്ണൂർ എയർപോർട്ട്
16. ശ്രീ. അനൂപ് ഗോവിന്ദ്, ഡി.എം(ആർ) കണ്ണൂർ എയർപോർട്ട്
17. ശ്രീ. വി. കെ. തങ്കപ്പൻ, മാനേജർ, വിജിലൻസ് കോടതി, തൃശ്ശൂർ.

യോഗത്തിൽ സമിതി, 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ III, IV, XII, XIII, XIV, XLI എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയും പ്രകാരം ശിപാർശകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

2015 - <u>തെരഞ്ഞെടുപ്പുകൾ</u>

2015-00-103-99- <u>നിയമസഭയും പാർലമെന്റും</u>

ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റ (Electoral Roll Management System)ത്തിനായി ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധിക ചെലവ് വേണ്ടിവരുമെന്നും ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട വാർഷിക റെമ്യൂണറേഷനു പുറമേ ഫോം

വെരിഫിക്കേഷൻ ഇനത്തിൽ നൽകേണ്ട പ്രതിഫലവും ട്രെയിനിംഗ് ക്ലാസ്സിൽ പങ്കെടുത്തതിന്റെ ബത്തയും NERP പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രതിഫലവും നൽകേണ്ടതുണ്ടെന്നും മനസിലാക്കിയ സമിതി 18,37,71,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2015-00-108-99 - സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള ചെലവ്

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തിവരുന്ന നാഷണൽ ഇലക്ടറൽറോൾ പ്യൂരിഫിക്കേഷൻ പ്രോഗ്രാം (NERP) പ്രകാരം ഇലക്ടറൽ റോളിന്റെ ശുദ്ധീകരണ പ്രക്രിയയും 2017-18 വർഷത്തിൽ കളർ ഫോട്ടോ പതിച്ച പ്ലാസ്റ്റിക് ഇലക്ടറൽ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പ്രക്രിയയും നടന്നുവരികയാണെന്ന് മനസിലാക്കിയ സമിതി 5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2015-00-101-99- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ
34 - മറ്റു ചെലവുകൾ
3 - മറ്റിനം

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഇ-ഓഫീസ് പ്രവർത്തനം ആരംഭിക്കേണ്ടതിനാലും കൂടാതെ സ്റ്റേഷനറി വകുപ്പ് നാളിതുവരെ സൗജന്യമായി അനുവദിച്ചിരുന്ന പേപ്പർ ഉൾപ്പെടെയുള്ള സ്റ്റേഷനറി സാധനങ്ങൾക്ക് 2016-17 മുതൽ വില നൽകേണ്ടതിനാലും ഈ ഇനത്തിൽ 3 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2015-00-109-99- പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

2015-ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഇ.വി.എം. ചെക്കിംഗ് നടത്തിയതിന് ഇസിഐഎൽ എഞ്ചിനീയർമാർക്ക് കൊടുത്തുതീർക്കാനുള്ള ബാധ്യതയായ 70 ലക്ഷം രൂപയും, മട്ടന്നൂർ നഗരസഭാ പൊതു തെരഞ്ഞെടുപ്പിലേക്കും

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഉപതെരഞ്ഞെടുപ്പുകൾക്കും കൂടാതെ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 6.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2070 - <u>മറ്റു ഭരണപരമായ സർവ്വീസുകൾ</u>

<u>ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്</u>

2070-00-119-97 - <u>ഭരണഭാഷ നടപ്പാക്കൽ</u>

34 - <u>മറ്റു ചെലവുകൾ - 3 മറ്റിനം</u>

സംസ്ഥാന ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി 98 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055 - <u>പോലീസ്</u>

2055-00-001- <u>ഭരണവും നടത്തിപ്പും</u>

99-<u>മേൽനോട്ടം</u>

<u>04-യാത്രാ ചെലവുകൾ -1 യാത്രാബത്ത</u>

പോലീസ് ആസ്ഥാനത്തേയും, സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി. ഓഫീസിലേയും യാത്രാബത്ത മേൽ ശീർഷകത്തിൽ നിന്നായതിനാൽ 7,50,000/- രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05 - <u>ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ</u>

പോലീസ് ആസ്ഥാനത്തേയും, സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി. ഓഫീസുകളിലേയും വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതും മേൽ ശീർഷകത്തിൽ നിന്നായതിനാൽ 57,35,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18- സംരക്ഷണം

പോലീസ് ആസ്ഥാനത്തേയും, സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി. ഓഫീസിലേയും അറ്റകുറ്റപ്പണികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി 1 കോടി 30 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

21 - മോട്ടോർ വാഹനങ്ങൾ - 1 വാഹനം വാങ്ങൽ

പോലീസ് വകുപ്പിന്റെ ആവശ്യത്തിലേക്കായി പുതിയ 248 ബസ്സുകളും കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനത്തിനായി 36 പുതിയ വാഹനങ്ങളും വാങ്ങുന്നതിലേയ്ക്കായി ഈ ഇനത്തിൽ 48,82,50,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

45 - പി.ഒ.എൽ.

പോലീസ് ആസ്ഥാനത്തേയും, സോണൽ ഓഫീസിലേയും, റേഞ്ച് ഐ.ജി ഓഫീസിലേയും വാഹനങ്ങളുടെ ഇന്ധന ചെലവിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി ഈ ഇനത്തിൽ 3,81,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2055-00-003-99-പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) നൽകേണ്ടതായിട്ടുള്ളതിനാൽ ഈ ഇനത്തിൽ 8,50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

05 - ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം

നിലവിൽ 9,00,000/- രൂപയോളം ടി ശീർഷകത്തിൽ കുടിശ്ശിക ബാദ്ധ്യതയുള്ളതായി മനസിലാക്കിയ സമിതി 9,00,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

05 - ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

പോലീസ് ട്രെയിനിംഗ് കോളേജിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

17 - ചെറുകിട മരാമത്തു പണികൾ

പോലീസ് ട്രെയിനിംഗ് കോളേജിലെ ചെറുകിട മരാമത്തു പണികൾക്ക് 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21 - മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

പോലീസ് ട്രെയിനിംഗ് കോളേജിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 2,37,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-003-98 - കേരള പോലീസ് അക്കാഡമി

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതായിട്ടുള്ളതിനാൽ ഈ ഇനത്തിൽ 9,50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05 - ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

കേരള പോലീസ് അക്കാഡമിയിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ വഹിക്കേണ്ടതിനാൽ ഈ ഇനത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

18 - സംരക്ഷണം

കേരള പോലീസ് അക്കാഡമിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി 2,40,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

34 - മറ്റു ചെലവുകൾ - 3 മറ്റിനം

പോലീസ് സേനയിലെ സിവിൽ പോലീസ് ഓഫീസർ, വനിതാ പോലീസ് ഓഫീസർ, ഡ്രൈവർ, ടെലികമ്മ്യൂണിക്കേഷൻ വിംഗ് എന്നീ തസ്തികകളിൽ നടന്നു വരുന്ന പരിശീലനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി ഈ ഇനത്തിൽ 23,70,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

12 - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

പോലീസ് സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്), ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ തസ്തികകളിലെ പരിശീലനാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകേണ്ടതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസിലാക്കിയ സമിതി ഈ ഇനത്തിൽ 13 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2055-00-101-99 - കുറ്റാന്വേഷണ വിഭാഗം

05 - ഓഫീസ് - 4 മറ്റിനങ്ങൾ

വിവിധ ഓഫീസ് ചെലവുകൾക്ക് പുറമേ ക്രൈം കേസുമായി ബന്ധപ്പെട്ട് വിവിധ ടെസ്റ്റുകൾ നടത്തുന്നതിനുള്ള ചെലവ് എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

18 - സംരക്ഷണം

സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-101-98 - സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

മുൻവർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതിനാൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസിലാക്കിയ സമിതി 3,72,50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05 - ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

എസ്.ബി.സി.ഐ.ഡി. യിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി ഈ ഇനത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18 - സംരക്ഷണം

എസ്.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി 7,90,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-104-99 - സായുധ പോലീസ്

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ഗോവ, ഉത്തർപ്രദേശ് നിയമസഭാ ഇലക്ഷനും, ശബരിമല ഡ്യൂട്ടി സംബന്ധമായി 8 ബറ്റാലിയനുകളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനായി 28-2-2017 വരെ ഏകദേശം 1,60,00,000 രൂപ കുടിശ്ശിക ബാധ്യതയുണ്ടെന്ന് മനസിലാക്കിയ സമിതി

കുടിശ്ശിക തീർക്കുന്നതിനായി 1 കോടി 60 ലക്ഷം അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05 - <u>ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം</u>

മുൻകാല കുടിശ്ശിക തീർക്കുന്നതിലേക്കായും ഈ സാമ്പത്തിക വർഷത്തിലെ ചെലവിനായും ഈ ഇനത്തിൽ 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05 - <u>ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ</u>

ബറ്റാലിയനിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഓഫീസ് ചെലവുകൾക്കും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,02,25,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18 - <u>സംരക്ഷണം</u>

ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി 8,68,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

34 - <u>മറ്റു ചെലവുകൾ - 3 മറ്റിനം</u>

കേരളത്തിലെ 8 ബറ്റാലിയൻ യൂണിറ്റുകളിലെയും ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പരിശീലനത്തിനായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകളെല്ലാം തന്നെ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ബറ്റാലിയനുകളുടെ പരിശീലനവുമായി ബന്ധപ്പെട്ട പരിപാടികളുടെ സുഗമമായ നടത്തിപ്പിന് മേൽ ശീർഷകത്തിൽ 1,35,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

19 - യന്ത്രോപകരണങ്ങൾ

ബറ്റാലിയൻ യൂണിറ്റുകളിൽ കട്ടിലുകൾ വാങ്ങുന്നതിനായി 12 കോടി രൂപ ബറ്റാലിയൻ ഹെഡുകളിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-104-98 - ഇന്ത്യ റിസർവ് ബറ്റാലിയൻ

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടി വരുന്നത് കണക്കിലെടുത്തും, ശബരിമല, ഇലക്ഷൻ ഡ്യൂട്ടി സംബന്ധിച്ച് 28-2-2017 വരെ 73,30,000 രൂപ കടിശ്ശിക ബാദ്ധ്യതയുള്ളതിനാൽ 2,58,30,000/- രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05 - ഓഫീസ് ചെലവുകൾ- 4 മറ്റിനങ്ങൾ

ഐ.ആർ. ബറ്റാലിയനിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് ചാർജ്, ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന്റെ ചെലവ് എന്നിവയ്ക്കായി 17,50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18 - സംരക്ഷണം

ഐ.ആർ. ബറ്റാലിയനിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2,46,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21 - മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

ഐ.ആർ. ബറ്റാലിയന്റെ വാഹനങ്ങളും ആന്റി നക്സൽ ഓപ്പറേഷന് ഉപയോഗിക്കുന്ന

വാഹനങ്ങളുടേയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് 6,77,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

34 - മറ്റു ചെലവുകൾ - 3 മറ്റിനം

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

45 - പി.ഒ.എൽ.

ഐ. ആർ., ബറ്റാലിയന്റെ വാഹനങ്ങളും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെ ഇന്ധനചെലവും വഹിക്കുന്നതിനായി 7,12,07,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-109-99-ജില്ലാ സേന

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

67. മുൻവർഷങ്ങളിലെ ടി.എ ബില്ലുകളുടെ കുടിശ്ശിക ഇനത്തിൽ 6,10,00,000 നൽകേണ്ടതിനാൽ 16,94,76,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05 - ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2,31,50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

05 - ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും ബഡ്ജറ്റ് വിഹിതത്തിലെ തുക അപര്യാപ്തമായതിനാൽ 1,50,00,000/- രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

17 - ചെറുകിട മരാമത്തുപണികൾ

പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെയും ജില്ലാ പോലീസ് ഓഫീസ് കെട്ടിടങ്ങളുടെയും മരാമത്തുപണികൾക്കായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 26,15,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18 - സംരക്ഷണം

32 പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനും പോലീസ് സ്റ്റേഷനുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി 32,00,00,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 36,34,50,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

19 - യന്ത്രോപകരണങ്ങൾ

72. 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 52,40,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21 - മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 72,36,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2055-00-111-99 - റെയിൽവേ പോലീസ്

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

മുൻവർഷങ്ങളിലെ ടി.എ ബില്ലുകളുടെ കുടിശ്ശികയായി നൽകേണ്ടതിനാൽ 1,93,40,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

45 - പി.ഒ.എൽ.

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 13,92,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2055-00-112-98 - തീരദേശ പോലീസ് സ്റ്റേഷനുകൾ

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവയുടെ ടി.എ. ബില്ലുകളുടെ കടിശ്ശിക തീർക്കേണ്ടതുള്ളതിനാൽ 5,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

21 - മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും

തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിട്ടുള്ള വാഹനങ്ങൾ, ബോട്ടുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിക്കുന്നതിനായി 18,88,000/- രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2055-00-114-99 - വയർലെസ് യൂണിറ്റ്

04 - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

മുൻവർഷങ്ങളിലെ ടി.എ ബില്ലുകളുടെ കടിശ്ശിക തീർക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2055-00-114-98 - <u>കമ്പ്യൂട്ടർ സെന്റർ</u>

05 - <u>ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ</u>

വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 18,85,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

34 - <u>മറ്റു ചെലവുകൾ - 3 മറ്റിനം</u>

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4,60,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

45 - <u>പി.ഒ.എൽ.</u>

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 11,74,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2055-00-116-99 - <u>ഫോറൻസിക് സയൻസ്</u>

18 - <u>സംരക്ഷണം</u>

ഫോറൻസിക് സയൻസ് ലാബിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി 15,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

4055- പോലീസ് സംബന്ധിച്ച മൂലധന ചെലവുകൾ

4055-00-207-97 - മറ്റു കെട്ടിടങ്ങൾ

01 - വൻകിട മരാമത്തുപണികൾ

13 പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-102-99 - ഹൈക്കോടതി

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

| | | |
|---|---|---|
| 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 26,90,000 രൂപ |
| 04-1-യാത്രാബത്ത | - | 14,08,000 രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ - വാങ്ങൽ | - | 1,95,99,000 രൂപ |

2014-00-103-98 - പൗരാവകാശ സംരക്ഷണ നിയമം/പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ/പ്രത്യേക കോടതികൾ/ബെഞ്ചുകൾ (50% കേന്ദ്രാവിഷ്കൃതം) (പദ്ധതി)

മാനന്തവാടി കോടതിയിൽ കുടുംബശ്രീ യൂണിറ്റിൽ നിന്നും നിയോഗിക്കുന്ന കാഷ്വൽ സ്വീപ്പർക്കുള്ള വേതനം നൽകുന്നതിനായി നിലവിൽ തുക അനുവദിച്ചിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി 02-വേതനം എന്നയിനത്തിൽ 72,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-105-99 - സിവില്വം സെഷൻസ്സം കോടതികൾ
99 - വിവരസാങ്കേതികവിദ്യ

കീഴ്കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,64,30,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-105-98 - മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

പുതിയതായി ആരംഭിച്ച തളിപ്പറമ്പ് കോടതിക്ക് വാഹനം വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി 21-മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്നയിനത്തിൽ 7 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2014-00-800-87 - സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

G.O(Rt.) No.437/17/Home തീയതി 21-2-2017 ലെ ഉത്തരവ് പ്രകാരം കീഴ്കോടതികളിൽ 117 കമ്പ്യൂട്ടറുകളും പ്രിന്ററുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 31,90,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2014-00-800-88 - ഗ്രാമന്യായാലയം

പുതിയതായി പ്രവർത്തനം ആരംഭിച്ച ഇരിട്ടി ഗ്രാമന്യായാലയം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ അറ്റകുറ്റപ്പണിയ്ക്കായി 18-സംരക്ഷണം എന്ന ഇനത്തിൽ 16,00,000 രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2014-00-800-82 - <u>പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന്</u>

പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 45 പുതിയ താൽക്കാലിക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് 18,86,99,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

കേരളത്തിൽ മാത്രമാണ് ജഡ്ജിമാർ വാടകവീടുകളിൽ കഴിയുന്നതെന്നും അത് തെറ്റായ സ്വാധീനത്തിന് വഴിവെയ്ക്കുമെന്ന ആക്ഷേപത്തിനിടയാക്കുമെന്നും നിരീക്ഷിച്ച സമിതി ജഡ്ജിമാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള ആദ്യപടിയായി സ്ഥലം കണ്ടെത്തുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുവാനും, തുടർവർഷങ്ങളിൽ കെട്ടിടനിർമ്മാണത്തിനുള്ള തുക വകയിരുത്തുവാനും ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2014-00-105-95 - <u>മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ</u>

മൂന്നാർ ട്രൈബ്യൂണലിനായി കുറച്ച് ഉദ്യോഗസ്ഥരെ നിയമിച്ചതല്ലാതെ ട്രൈബ്യൂണലിൽ നിലവിൽ ജഡ്ജിയില്ലെന്നും അതിന്റെ പ്രവർത്തനം നടക്കുന്നില്ലെന്നും മനസ്സിലാക്കിയ സമിതി മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം പുതിയ ശീർഷകത്തിൽ താഴെപ്പറയുന്ന ഇനങ്ങൾക്ക് തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

| | | |
|---|---|---|
| വിവര സാങ്കേതിക വിദ്യ അധിഷ്ഠിത കോടതികൾക്കു വേണ്ടി സാങ്കേതിക ജ്ഞാനമുള്ള മാനവ വിഭവശേഷി വർദ്ധനവ് | - | 2,59,00,000 രൂപ |
| വ്യവഹാര സൗഹൃദമാക്കുന്നതിനു വേണ്ടി നിലവിലുള്ള കോടതികളുടെ പുനർനിർമ്മാണം | - | 15,63,00,000 രൂപ |

| | |
|---|---|
| രേഖകളുടെ സ്കാനിംഗും ഡിജിറ്റൈസേഷനും | - 4,00,00,000 രൂപ |
| ന്യായാധിപരുടെ പരിശീലനവും കാര്യക്ഷമത-വർദ്ധിപ്പിക്കലും | 1,17,00,000 രൂപ |

2056 - ജയിലുകൾ

2056-00-001-89 - സെൻട്രൽ ജയിലുകളിലെ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കൽ

തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ 3 സെൻട്രൽ ജയിലുകളിൽ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം സ്ഥാപിക്കുന്നതിനുവേണ്ടി 2 കോടി 30 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും 1 കോടി രൂപ 2016-17 SDG ഫൈനൽ ബാച്ച് മുഖേന വകയിരുത്തിയിട്ടുള്ളതായി മനസ്സിലാക്കിയ സമിതി 1,30,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-001-99 - ജയിലുകൾ
34 - മറ്റു ചെലവുകൾ - 3 മറ്റിനം

തടവുകാരുടെ വേതനം, ചികിത്സാ ചെലവുകൾ, മരുന്ന് എന്നിവയുടെ ചെലവ് വഹിക്കുന്ന ടി ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഫണ്ടിന്റെ അഭാവത്താൽ 2 കോടി രൂപയുടെ ബില്ലുകൾ പെൻഡിംഗിലാണെന്നും, തടവുകാരുടെ വേതനം 2-3-2016 തീയതിയിലെ 78/16/ആഭ്യന്തരം എന്ന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചതുമൂലവും തടവുകാരുടെ ചികിത്സാചെലവ്, മരുന്ന് എന്നിവയിലുണ്ടാകുന്ന വർദ്ധനവ് മൂലവും ടി ശീർഷകത്തിൽ അധിക തുക ആവശ്യമായിവരുന്നുണ്ടെന്നും, കൂടാതെ 3 സെൻട്രൽ ജയിലുകളിലും 3 ജില്ലാ ജയിലുകളിലും സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി സംവിധാനത്തിന്റെ വാർഷിക മെയിന്റനൻസ് കരാറിന് നൽകുവാനുള്ള 1 കോടി 50 ലക്ഷം രൂപകൂടി ടി ശീർഷകത്തിൽനിന്നും ചെലവ് വഹിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ, ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

56 - ഭക്ഷണവും ധനസഹായവും

ജയിലുകളിൽ ദേശീയ ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കിയതോടുകൂടി എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് പ്രകാരം ബി.പി.എൽ നിരക്കിൽ ലഭിച്ചുകൊണ്ടിരുന്ന റേഷൻ പൂർണ്ണമായും നിർത്തലാക്കിയതിനാൽ മാർക്കറ്റ് വിലയ്ക്ക് റേഷൻ സാധനങ്ങൾ വാങ്ങേണ്ടിവരുന്നതിനാലും തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും ആഹാരസാധനങ്ങളുടെയും മറ്റു ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന അടിക്കടി വർദ്ധനവും മൂലമുണ്ടാകുന്ന ചെലവും കണക്കാക്കിയ സമിതി, അധിക തുകയായി 6 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-001-98 - ജയിലുകൾ നവീകരിക്കുന്നതിന് (പദ്ധതി)

ഓഫീസ് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും ഇ-ഫയൽ മാനേജ്മെന്റ് സംവിധാനം (IAPS) ജയിൽ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനും ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2070-00-108 - ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ്
99 - ഭരണവും നടത്തിപ്പും
21-1 - വാഹനം വാങ്ങൽ

രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് ആധുനിക വാഹനങ്ങളും യന്ത്രസാമഗ്രികളും വാങ്ങുന്നതിനായി 5 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2070-00-108-98 - പ്രതിരോധവും നിയന്ത്രണവും

അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 50,00,000 രൂപ |
| 04- യാത്രാചെലവുകൾ 1 - യാത്രാബത്ത | - | 50,00,000 രൂപ |
| 05-ഓഫീസ് ചെലവുകൾ 1 - വെള്ളക്കരം | - | 25,00,000 രൂപ |
| 3 - ടെലഫോൺ ചെലവ് | - | 5,00,000 രൂപ |
| 4 - മറ്റിനങ്ങൾ | - | 20,00,000 രൂപ |
| 17 - ചെറുകിട മരാമത്തുപണികൾ | - | 25,00,000 രൂപ |
| 18 - സംരക്ഷണം | - | 25,00,000 രൂപ |
| 34 - മറ്റ് ചെലവുകൾ 3 - മറ്റിനം | - | 25,00,000 രൂപ |

2070-00-108-97 -<u>പരിശീലനം</u>

വിവിധ ശീർഷകങ്ങളിലായി അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| 01-4 - മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 1,00,000 രൂപ |
| 05- ഓഫീസ് ചെലവുകൾ 4 - മറ്റിനങ്ങൾ | - | 50,000 രൂപ |
| 21 - മോട്ടോർ വാഹനങ്ങൾ 2 - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1,00,000 രൂപ |
| 34 - മറ്റ് ചെലവുകൾ 4 - മറ്റിനങ്ങൾ | - | 3,00,000 രൂപ |
| 45 - പി.ഒ.എൽ. | - | 2,00,000 രൂപ |

2070-00-108-96 - <u>മറ്റു ചെലവുകൾ</u>

ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നീ ചെലവുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2070-00-108-94 - <u>അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം (പദ്ധതി)</u>

അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും വാങ്ങുന്നതിനും അഗ്നിശമനസേനയെ നവീകരിക്കുന്നതിനും വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2070-00-108-92 - <u>അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ</u>
(75% സെൻട്രലി സ്പോൺസേർഡ് സ്കീം)

2011-12 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 316 ലക്ഷം രൂപ അനുവദിച്ചതിൽ 52,32,503 രൂപ ചെലവാക്കിയതായും 2012-13 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 2,63,67,000 രൂപ ഭരണപരമായ കാലതാമസം മൂലം ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. എങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നത് പരിഗണിച്ച് 2,63,67,000 രൂപ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2070-00-108-91 - <u>അഗ്നിശമനസേനാ വകുപ്പിലുള്ള ആസ്തി പരിപാലനം - ആസ്തി പരിപാലന ഫണ്ടിൽ നിന്നുള്ള ചെലവുകൾ</u>

അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും, വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, വസ്തുവകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും, അഗ്നിശമന സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2070-00-108-90 - ആധുനിക ജീവൻരക്ഷാ സാമഗ്രികൾ, അഗ്നിപ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

2015-16 വർഷത്തിൽ 9 കോടി 24 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് ഈ സാമ്പത്തിക വർഷം തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2070-00-107-99 - ഹോംഗാർഡ്സ്

ഹോംഗാർഡ്സുമാരുടെ ഇപ്പോഴത്തെ ദിവസവേതനം 600/- രൂപയാണെന്നും നിലവിൽ വകയിരുത്തിയ തുക കൊണ്ട് ഈ സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്നും മനസിലാക്കിയ സമിതി ഈ സാമ്പത്തിക വർഷം 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2062 - വിജിലൻസ്

2062-00-104-98- വിജിലൻസ് വകുപ്പിന്റെ നവീകരണം (പദ്ധതി)

ഒരു കോടി രൂപയ്ക്ക് മുകളിലുള്ള അഴിമതികൾ തെളിവുസഹിതം വെളിച്ചത്ത് കൊണ്ടുവരുന്ന വ്യക്തിക്ക് 5 ലക്ഷം രൂപവീതം ഓരോ വർഷവും 25 പേർക്ക് മുഖ്യമന്ത്രിയുടെ വിസിൽ ബ്ലോവേഴ്സ് അവാർഡ് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് മനസ്സിലാക്കിയ സമിതി 1.15 കോടി രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2062-00-104-99 - വിജിലൻസ്

05-4 മറ്റിനങ്ങൾ

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

06- വാടക, കരം, നികുതി

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മലപ്പുറം, SIU I, SIU II, Spl.Cell Tvm, TSR, IDK, TVM, ALA, KKD, ALA, TSRY, MVPZA തുടങ്ങിയ ഓഫീസുകളിലെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

04-2 സ്ഥലംമാറ്റബത്ത

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ രണ്ട് ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-105-94 - എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

05 - ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ

ഓഫീസ് ഷിഫ്റ്റിംഗ് ചാർജ്, സാക്ഷിപ്പടി കടിശ്ശിക, ജേർണൽ ബൈൻഡിംഗ് ചാർജ് എന്നീ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകാത്തതിനാൽ 75,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062-00-105-97- എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർ വൽക്കരണത്തിലേയ്ക്കായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2062 -00- 105-99-<u>വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം</u>

ഓഫീസ് കെട്ടിടവാടക, ക്വാർട്ടേഴ്സ് വാടക, പുതിയ ഫോട്ടോ കോപ്പിയർ വാങ്ങുക എന്നീ ആവശ്യങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകാത്തതിനാൽ 7,51,380 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2062-00-103-99- <u>കേരള ലോകായുക്ത</u>

04- <u>യാത്രാചെലവുകൾ - 4 അവധി യാത്രാനുകൂല്യം</u>

ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകാത്തതിനാൽ 19 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

06 - <u>വാടക, കരം, നികുതി</u>

ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികളുടെ വാടകയിനത്തിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകാത്തതിനാൽ 36 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

21-1 <u>വാഹനം വാങ്ങൽ</u>

ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് പുതിയ വാഹനം വാങ്ങുന്നതിനും ഉപലോകായുക്തയ്ക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി 49 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

3053- <u>സിവിൽ ഏവിയേഷൻ</u>
3053-02-190-99- <u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്</u>

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിയുടെ ദൈനംദിന ചെലവുകൾക്കായി 5 ലക്ഷം രൂപയും കെൽട്രോണിന് നൽകേണ്ട തുകയും ഉൾപ്പെടെ ആകെ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5053- <u>സിവിൽ ഏവിയേഷനുള്ള മൂലധനചെലവ്</u>
5053-02-190-97- <u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പദ്ധതി)</u>

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 54,62,78,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5053-02-190-93-<u>കോഴിക്കോട് വിമാനത്താവള വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ (പദ്ധതി)</u>

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും നഷ്ടപരിഹാരത്തുക നൽകുന്നതിനും കുടിയൊഴിപ്പിക്കുന്നവർക്ക് വേണ്ടിയുള്ള പുനരധിവാസ പാക്കേജ് അടക്കമുള്ള പ്രവർത്തനങ്ങൾക്കുമായി 275 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7053 - സിവിൽ ഏവിയേഷനുള്ള വായ്പകൾ
7053-02-190-99 - തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 18.53 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുത്ത് നൽകുന്നതിനും വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിവിധ എൽ.എ.ആർ. കേസുകളിൽ കോടതി വിധിപ്രകാരമുള്ള അധികതുക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകാത്തതിനാൽ 203 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

രാവിലെ 11.35-ന് യോഗം പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.